ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം

Vol. 64
No.: 2
FEBRUARY 2021



കർദ്ദിനാൾ ആന്റണി പടിയറ

ജന്മശതാബ്ദി 1921 – 2021



www.ernakulamarchdiocese.org

# എറണാകുളം-അങ്കമാലി അതിരൂപതയുടെ
# നവവൈദികർക്ക് ആശംസകൾ!!!
## (2020-2021)


FR. ANTONY (AKHIL)
APPADAN


FR. ANTONY (AKHIL)
EDASSERY


FR. VARGHESE (AKHIL)
MENACHERY


FR. PAUL (LIJOY)
VADAKKUMCHERY


FR. PAUL (JISMON)
ARAMBILLY


FR. JACOB (JEFF)
POZHOLIPARAMBIL


FR. JACOB (JESLIN)
THETTAYIL


FR. THOMAS (ARUN)
THERULLY


FR. ANTONY (JOHN PAUL)
THETTAYIL


FR. XAVIER (BINOY)
PANATT


FR. JOSE (FREDDY)
KOTTOOR

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL
# എറണാകുളം മിസ്സം
BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | നോമ്പുകാല സന്ദേശം |
| 12. | ലോകരോഗീദിന സന്ദേശം |
| 18. | തിരുബാലസഖ്യദിനം |
| 24. | യൗസേപ്പിതാവർഷം - വിചിന്തനങ്ങൾ - ഉണർവിൻ വരം ലഭിപ്പാൻ |
| 30. | കർദിനാൾ ആന്റണി പടിയറ ജന്മശതാബ്ദി |
| 38. | Metropolitan Tribunal |
| 40. | കച്ചേരിക്കാര്യം |
| 41. | Transfers/Appointments |
| 45. | നിര്യാതരായി |
| 49. | AICO News |
| 50. | വാർത്തകളും വിശേഷങ്ങളും |
| 51. | Department of Catechesis |
| 53. | Department of Family Apostolate |
| 55. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 57. | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി |
| 58. | Department of Bible Apostolate |



**Editor: Rev. Fr. Varghese Perumayan**

Volume : **64**
Issue No. : **2**
Month : **February 2021**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: Rs. 15.00
Annual: Rs. 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Kurisumkal John, Muttuchira | 1893 | 1921 | 1-2-1947 |
| Fr. Myalil Thomas, Keechery | 1948 | 1977 | 2-2-2004 |
| Fr. Manavalan Paul, Elavoor (Kunnel) | 1935 | 1963 | 2-2-2018 |
| Fr. Thekkumthala Kunjouseph, Koratty | | | 3-2-1927 |
| *Msgr. Vattoly Paul, Kadukutty* | *1906* | *1937* | *6-2-1997* |
| Fr. Elamkuttuchira Joseph, Vaikom | 1897 | 1930 | 8-2-1964 |
| Fr. Thachil Francis, Kuthiathodu | 1911 | 1939 | 8-2-1983 |
| Fr. Kakkattuchira Jacob, Kokkamangalam | 1938 | 1964 | 9-2-2015 |
| *Msgr. Moothedan Thomas, Meloor* | *1911* | *1940* | *11-2-1985* |
| Fr. Pathiamoola Gheevarghese, Pallipuram | 1891 | 1920 | 12-2-1963 |
| Fr. Koikara Dominic, Kanjoor | 1909 | 1937 | 14-2-1966 |
| Fr. Putharikal Mathew, Ernakulam | 1883 | | 17-2-1956 |
| Fr. Moonjely Thomas TOCD, Chakkarakadavu | 1849 | 1872 | 18-2-1893 |
| Fr. Painadeth Valiya Joseph, Karukutty | 1872 | 1899 | 18-2-1948 |
| Fr. Parayil Jacob, Kudavechoor | 1924 | 1952 | 19-2-2005 |
| *Mar Joseph Cardinal Parecattil, Kidangoor* | *1912* | *1939* | *20-2-1987* |
| Fr. Manjaly Thomas, Kanjoor | 1880 | 1909 | 21-2-1936 |
| Fr. Kalarikal Geevarghese, Chalil | 1887 | 1915 | 21-2-1963 |
| Fr. Payyappilly Kuriakose, Kanjoor | 1880 | 1909 | 22-2-1940 |
| Fr. Karathuruthil Paul, Valamangalam | 1939 | 1969 | 22-2-2020 |
| Fr. Kandathil Kuriakose, Chembu | 1893 | 1923 | 24-2-1989 |
| Fr. Panapally Joseph, Kudavechoor | 1928 | 1955 | 24-2-2001 |
| Fr. Kachappilly Martin, S. Champanur | 1968 | 1993 | 25-2-1995 |
| Fr. Vettikkappilly Kuriakose, Vaikom | 1878 | 1902 | 26-2-1947 |
| Fr. Arackaparambil Isaac, Muttom | 1903 | 1933 | 28-2-1960 |
| Fr. Thachil Francis, N. Kuthiathode (Old) | 1934 | 1961 | 28-2-2017 |



# നോമ്പുകാല സന്ദേശം

ഫ്രാൻസിസ് മാർപാപ്പ

*"ഇതാ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു" (മത്താ 20:18)*

**നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം**

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

യേശു തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ "മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു

നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ “ജീവ ജല”ത്തിൽനിന്നു പാനം ചെയ്യുകയും ക്രിസ്തുവിൽ നമ്മെ സഹോദ രങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീക രിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാ നുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും ക്രിസ്തുവിന്റെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെ യും സ്വാധീനിക്കുന്നതുമാണ്.

യേശു ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും ദാന ധർമ്മവും (cf. മത്താ 6:1–18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കു കയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെയും ആത്മപരി ത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹ ജമായ സംഭാഷണവും നമ്മുടെ നിഷ്ക്കപടമായ വിശ്വാസം, സജീവ മായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മു ടെ എല്ലാ സഹോദരീസഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനം ചെയ്യുന്നു.

ഈ നോമ്പുകാലത്തിൽ, ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തി നു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾതോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. ക്രിസ്തുതന്നെയാണ് ഈ സത്യം. എല്ലാ പരിമിതി കളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വ

മാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്നരൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി.തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. Fratelli Tutti, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ അധികൃത എന്നിവയിൽനിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുക്രിസ്തുവിനുവേണ്ടി തുറക്കുന്നതിനുമായാണ്.

2. പ്രത്യാശ ജീവജലമെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച യേശു അവൾക്ക് "ജീവജലം" (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ, അതിന്റെ അർത്ഥമെന്തെന്ന് അവൾക്ക് മനസ്സിലായില്ല.

സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹജലത്തെപ്പറ്റിയാണ്. യേശു ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി യേശു തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് "മൂന്നാംദിവസം അവൻ ഉയിർപ്പിക്കപ്പെടും" (മത്താ 20:19) ഇതുവഴി യേശു പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ, സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ് കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, "ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ" (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്ന വാക്കുകൾക്കും ശക്തിപ്പെടു

ത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹ ജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദ്വേഷ്യമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം (Fratelli Tutti, 223). ചിലപ്പോൾ ദയാവായ്പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമായ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid., 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ "എല്ലാറ്റിനെയും നവീകരിക്കുന്ന" (cf. വെളി 21:1-6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റവും ഉന്നതമായ പ്രകാശനവും ക്രിസ്തുവിന്റെ കാലടികളെ പിൻതുടരർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാരണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

"സാമൂഹിക സ്നേഹം" നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹ സംസ്ക്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരുക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനുശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാതകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് (Fratelli Tutti, 183).

സ്നേഹം നമ്മുടെ ജീവിതത്തെ സ്വാർത്ഥകമാക്കുന്ന ഒരു സമ്മാനമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദരന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷത്തിന്റെയും ശ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിൻ കലവും. അതിൽനിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7-16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:3044). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാനധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും ഭയപ്പെടുന്നവരെയും, ഉപേക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുതരമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താവിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ 43:1). നമ്മുടെ പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അതുവഴി

യായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്ക്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (Fratelli Tutti, 187).

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാവിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവെയ്ക്കലുമാണ്. അതുവഴി ക്രിസ്തുവിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൽ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

റോമിൽനിന്ന്, 11 നവംബർ 2020
ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം

**ഫ്രാൻസിസ് പാപ്പ**

Ref: 3433/K-5/KCBC/OL/DS 19-01-2021

# ലോകരോഗീദിനം

"*നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ; നിങ്ങളെല്ലാവരും സഹോദരന്മാരാണ്*" (മത്താ 23:8).
രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

29-ാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11-നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യ ശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആഗോള പകർച്ചവ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മിക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറംപോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

1. ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ യേശു അവിടെ വിമർശിക്കുന്നു (cf. മത്താ 23:1-12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്. അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധനയിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് യേശു ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നത്. അവിടന്നു നമ്മോടു പറയുന്നു: "നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്" (വാക്യം 8).

“പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കുകയും” ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ ക്രിസ്തു നടത്തുന്ന വിമർശനം എപ്പോഴും എല്ലായിടത്തും സഹായകമാണ്. കാരണം, കാപട്യമെന്ന വലിയ തിന്മയിൽ നിന്ന് ഒഴിവുള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവത്രിക സാഹോദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏക പിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധത്തിൽ പ്രത്യുത്ത രിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. നിന്ന് ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേ താക്കിത്തീർക്കാനും അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30–35).

2. രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവ രെകൊണ്ട് നമുക്കുള്ള ആവശ്യവും നമുക്കു മനസ്സിലാക്കിത്തരുന്നു. ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെ മനസ്സുകളെയും ഹൃദ യങ്ങളെയും പിടിച്ചമർത്തിയേക്കാം. നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിര ന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കു ന്നു. അത് വിശ്വാസത്തിൽ നാം ദൈവ തിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭി മുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നു വരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടു കാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടു

ത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ അല്ലെന്ന് ഉറപ്പു പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു. മുറിപ്പെടുകയും സുഖ മാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവി നോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: “അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു” (42:5).

3. രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴി വാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22). ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭി ച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാ ര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തു നിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂ ഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യ പാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാ സിനീസന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യ ത്തെയും പകർച്ചവ്യാധി ഉയർത്തിക്കാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മ-ദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗിക ളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുകയും

ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശ്ശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയാക്കാരനായ യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോദരീസഹോദരന്മാരെ പ്രത്യേകമാംവിധം സ്നേഹിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (cf. യോഹ 13:34-35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, ക്രിസ്തുവിലുള്ള സഹോദരസ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചു കളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾക്കൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണയ്ക്കാൻ വേണ്ടിയുള്ളതായിരിക്കും. “സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം...നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്” (Homily in Havanna, 20 Sept. 2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലരായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക്

നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസ്സിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം, നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്" (ibid).

4. ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം, അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf. New Charter for Health Care Workers [2016], 4). ആരോഗ്യ ശുശ്രൂഷ ആവശ്യമുള്ളവരും അതു നല്കുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടിക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിലും ലഭ്യതയിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും രോഗികളുടെ മഹത്ത്വത്തെ ആദരിക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് ക്രിസ്തുവിന്റെ പരസ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളുടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവത്തിന് പൂർണമായ അർത്ഥം നല്കാൻ കഴിയുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെക്കൂടെ വ്യക്തമാക്കുന്നുണ്ട്. യേശു സുഖപ്പെടുത്തുന്നത് മാജിക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായിട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യ

ന്തരബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. യേശു മിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ: "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."

5. പ്രിയ സഹോദരീസഹോദരന്മാരേ, യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്കപ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കും വിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്കു പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവാദം ഹൃദയപൂർവം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020
ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച

**ഫ്രാൻസിസ് പാപ്പാ**

Ref: 3423/K-5/KCBC/OL/DS 18-01-2021

# തിരുബാലസഖ്യദിനം

## കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൻ പ്രിയ മാതാപിതാക്കളേ, സഹോദരി സഹോദരന്മാരെ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. ഭാരത സഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തിയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആഗോളകത്തോലിക്ക സഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843-ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. "കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാകുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. "പാത്രിസ് കോർദെ" (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴ് സവിശേഷ ഗുണങ്ങളെ പാപ്പ എടുത്തു

പറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴിലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവതരിപ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

''ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് യേശുവിനെ സ്നേഹിച്ചു'' എന്ന മനോഹര വാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി യേശുവിന്റെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയ മാതൃക പാപ്പ തുടർന്ന് അവതരിപ്പിക്കുന്നു. പരി. മറിയത്തെയും ഉണ്ണിയേശുവിനെയും വാത്സല്യത്തോടെ സംരക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവരോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. ''ജോസഫിൽ യേശു ദൈവത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു'' എന്ന് പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും, ഏറ്റവും ആദ്യമായും അധികമായും കുട്ടികളിലേക്ക് പകർന്നുനൽകപ്പെടുന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ നിന്നാണ് എന്ന് പാപ്പ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തുന്നതു വഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയും. സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ സാമൂഹ്യനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

''സ്നേഹത്തിന്റെ ആനന്ദം'' എന്ന സിനഡനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെകുറിച്ച് വിചിന്തനം നടത്താൻ കൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പ ''വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം'' (സ്നേഹത്തിന്റെ ആനന്ദം 287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുമ്പോൾ മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തിയും മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്ക് സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃത ജീവിതവും അനുദിനംതുടരുന്ന പ്രാർത്ഥനാ ജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് യേശു മാനുഷികമായ പക്വതയിലേക്ക് വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്ല്യ സ്നേഹം അനുഭവിച്ചുകൊണ്ടുമാണ്. നാല് സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തികിട്ടിയ ദൈവഹിതം, ഉണ്ണിയേശുവിന്റെയും മറിയത്തിന്റേയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വസ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാവിന്റെ ഹിതം അനുസരിക്കാൻ യേശു പഠിച്ചത് നസ്രത്തിലെ "ജോസഫിന്റെ സ്കൂളിൽ" നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ യേശുവും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വസന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെടുന്നു എന്ന് പാപ്പ ദുഃഖത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഒരു പിതാവായിരിക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ച് നടത്തുക എന്നതാണ്. കുടുംബാംഗങ്ങ

ളോടുള്ള, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാവശ്യമാണ്. **കോവിഡ്** 19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവുമധികം സമയം വീട്ടിൽതന്നെ ചിലവഴിക്കുമ്പോഴും ''അകന്നു'' കഴിയുന്ന മാതാപിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് ടി. വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്ക് കുട്ടികൾ ഒതുങ്ങി കൂടുകയും ആത്മീയമായ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

യേശുവുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്ന് പാപ്പ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ ഒരു പിതാവിനെപ്പോലെ ഉണ്ണിയേശുവിനെ സംരക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയാണെന്ന് പാപ്പ ഓർമിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീകവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലെ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്തബന്ധങ്ങളിലേക്ക് അവർ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹ്യമാധ്യമങ്ങൾ വഴിയും ടെലിഫോൺ ഉപയോഗം വഴിയും കുട്ടികൾ

തെറ്റിപോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിതസംരക്ഷണം നല്കുകയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പ പറയുന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാല ന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടു കാരായി തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തി ലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്യസ്തജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറികഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവ കയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കു കയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെ ടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം (സാർവ്വത്രിക സഭ യിലെ തിരുബാല സംഖ്യത്തിന്റെ സ്ഥാനത്താണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ "മലങ്കര സുറിയാനി കത്തോലിക്കാ ചിൽഡ്രൻസ് ലീഗ്").

തിരുബാലസഖ്യ ദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കുകാണാം. ബാലനായ യേശുവിന്റെ ജീവിത ശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിയേശുവിന് സമർപ്പി ക്കുന്നു. സമൂഹത്തിനു മക്കൾ മുതൽകൂട്ടുകളായി ഭവിക്കട്ടെ. യേശു വിനെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ

ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

പി.ഒ.സി., കൊച്ചി
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N.B.: ഈ സർക്കുലർ 2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

യൗസേപ്പിതാവർഷം – വിചിന്തനങ്ങൾ: 1

# “ഉണർവിൻ വരം ലഭിപ്പാൻ”



*റവ. ഡോ. ജോയ് അയിനിയാടൻ*

എനിക്ക് ഒരുപാട് ഇഷ്ടമുള്ള വിശുദ്ധനാണ് എന്റെ സ്വർഗീയമദ്ധ്യസ്ഥനായ യൗസേപ്പിതാവ്. ഏതാനും വർഷങ്ങൾക്കു മുൻപ് ജർമ്മനിയിൽ വച്ച് യൗസേപ്പിതാവിന്റെ ഒരു സുന്ദരശിൽപം കാണാനിടയായ സംഭവം എന്റെ മനസ്സിൽ തെളിഞ്ഞു വരികയാണ്. ജർമ്മനിയിലെ റൈനെ എന്ന പട്ടണത്തിലെ യോസേഫ് ക്രൗട്‌വാൾഡ് എന്ന പ്രശസ്തനായ ശില്പിയെ പരിചയപ്പെടാനുള്ള ഒരു അസുലഭ ഭാഗ്യം എനിക്കുണ്ടായി. അദ്ദേഹവുമായുണ്ടായ സൗഹൃദ സംഭാഷണത്തിനിടയ്ക്ക് ആ ദിവസങ്ങളിൽ അദ്ദേഹം നിർമ്മിച്ചുകൊണ്ടിരുന്ന യൗസേപ്പിതാവിന്റെ ഒരു ശിൽപത്തെക്കുറിച്ച് എന്നോടു പറയുകയും ആ രൂപം കാണാൻ അദ്ദേഹത്തിന്റെ ശിൽപശാലയിലേക്ക് എന്നെ ക്ഷണിക്കുകയും ചെയ്തു. കരിങ്കല്ലിൽ തീർത്ത ആ ശിൽപത്തിന്റെ അവസാന മിനുക്കു പണികൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. വളരെ ലളിതമായ ഒരു രൂപമായിരുന്നു അത്. ആകാശത്തേയ്ക്ക് ഉറ്റുനോക്കി ഇടതുകരം ചെവിയുടെ പുറകിൽ ചേർത്തുപിടിച്ച് ശ്രദ്ധാപൂർവ്വം ആരെയോ ശ്രവിക്കുന്നതുപോലുള്ള രൂപം. എന്താണ് ഇങ്ങനെയൊരു അവതരണം എന്ന ചോദ്യത്തിന് ശിൽപി പറഞ്ഞ മറുപടി അത് ബിബ്ലിക്കൽ സ്റ്റാച്യൂ ആണ് എന്നായിരുന്നു. തിരുവചനങ്ങളിൽ കാണുന്ന യൗസേപ്പിതാവ് ഉറക്കത്തിൽ പോലും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ കാതോർത്ത മനുഷ്യനായിരുന്നു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേ, യൗസേപ്പിതാവ് ഉറക്കത്തിലും ഉണർന്നിരുന്ന മനുഷ്യനായിരുന്നു. ദൈവം തന്നെ വിശ്വസിച്ച് ഏൽപിച്ച ദൗത്യം അതിന്റെ പൂർണതയിൽ നിർവഹിക്കാൻ നിതാന്തജാഗ്രതയോടെ ഉണർന്നിരുന്ന ദൈവത്തിന്റെ സ്വന്തം നസ്രായക്കാരൻ യൗസേപ്പ്.

**ഉണർവിന്റെ യൗസേപ്പിതാവർഷം**

ഉണർവിന്റെ വർഷമാകട്ടെ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ഈ യൗസേപ്പിതാവർഷം. ഒരു മണിക്കൂർ എന്നോടുകൂടെ ഉണർന്നിരിക്കാൻ നിനക്കു കഴിയുന്നില്ലല്ലോ എന്ന ഗദ്സെമിൻ വിലാപത്തിന്റെ മാറ്റൊലി ഇന്നും നമ്മുടെ ഹൃദയഭിത്തികളിൽ പ്രതിധ്വനിക്കുന്നുണ്ട്.

പക്ഷേ, ശബ്ദമുഖരിതമായ നമ്മുടെ ആരാധനവേളകളിൽ ക്രിസ്തുവിന്റെ ഈ മൃദുശബ്ദം ആരു കേൾക്കാൻ? ഉണർന്നിരുന്നവർക്കു മാത്രമെ തിരുമുഖദർശന ഭാഗ്യം സിദ്ധിച്ചിട്ടുള്ളൂ. ബെത്ലേഹെമിന്റെ സമീപപ്രദേശത്തുള്ള വയലുകളിൽ ഉണർന്നിരുന്ന ഇടയന്മാർക്ക് മനുഷ്യനായി അവതരിച്ച ദൈവപുത്രനെ കൺകുളിർക്കെ കാണാനുള്ള ഭാഗ്യമുണ്ടായി. അന്ധനായ ബർതിമേയൂസ് കർത്താവ് കടന്നുപോകുന്ന ശബ്ദം തിരിച്ചറിഞ്ഞപ്പോൾ ഉറക്കെ വിളിച്ചപേക്ഷിച്ചു, "ദാവീദിന്റെ പുത്രനായ യേശുവേ, എന്നിൽ കനിയണമേ" എന്ന്. പ്രകാശത്തിന്റെ സുന്ദര ലോകത്തിലേക്കു പ്രവേശിക്കാനുള്ള അനുമതിയാണ് ഈ ശ്രവണത്തിലൂടെ ബർതിമേയൂസിന് കൈവന്നത്.

ശ്രവണം, അത് ദൈവികദർശനത്തിന്റെ ആദ്യപടിയാണ്. ഭാരതീയ ആത്മീയതയനുസരിച്ച് ശ്രവണം, മനനം, നിദിധ്യാസനം എന്നീ മൂന്നു പടവുകൾ ശ്രദ്ധാപൂർവ്വം കയറുന്നവനു മാത്രമേ ബ്രഹ്മജ്ഞാനം കൈവരിക്കാനാകൂ. പഞ്ചേന്ദ്രിയങ്ങൾ പകർന്നു നൽകുന്ന അറിവിന്റെ സ്വാംശീകരണമാണ് ശ്രവണം. ലഭ്യമായ അറിവിന്റെ യുക്തിസഹമായ പരിശോധനയും വിശകലനവും കാര്യകാരണങ്ങളുടെ അന്വേഷണവും കൃത്യതയാർന്ന തിരിച്ചറിവുമാണ് മനനം. ആത്മാവിന്റെ ആഴങ്ങളിലേക്കുള്ള പ്രവേശനവും അതുവഴി സാധ്യമാകുന്ന അനശ്വരജ്ഞാനത്തിന്റെ രൂപീകരണവുമാണ് നിദിധ്യാസനം. ഈ അനശ്വരജ്ഞാനത്തിന്റെ സ്രോതസ് ദൈവമാണെന്ന തിരിച്ചറിവിൽ നിന്നും ദൈവാത്മാവിലേക്ക് മനുഷ്യാത്മാവ് പൂർണമായും അലിഞ്ഞുചേരുന്ന പുണ്യമുഹൂർത്തമായ സാക്ഷാത്ക്കാരത്തിലെത്തുമ്പോൾ മാത്രമെ മനുഷ്യന്റെ ആത്മീയയാത്ര പൂർത്തിയാകൂ.

ഫ്രാൻസിസ് പാപ്പ *'പിതൃഹൃദയത്തോടെ'* എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ യൗസേപ്പിതാവിനെ സ്വർഗപിതാവായ ദൈവത്തിന്റെ ഭൗമികനിഴലായി അവതരിപ്പിക്കുന്നതിന്റെ കാരണം ദൈവപിതാവിന്റെ തിരുഹിതത്തോടുള്ള യൗസേപ്പിന്റെ പരിപൂർണമായ വിധേയത്വവും അവിടുത്തെ സത്തയിലുള്ള ആത്മീയ ലയനവുമാണ്. ദൈവപുത്രനു വാത്സല്യവും അലിവുമുള്ള പിതാവായിത്തീരാൻ

യൗസേപ്പിന് ദൈവം കൃപ നൽകി. കടുത്ത ആത്മസംഘർഷങ്ങളിലൂടെ കടന്നുപോകുമ്പോഴും ദൈവത്തിന്റെ ശബ്ദം കേൾക്കാനും തിരുഹിതം വിവേചിച്ചറിയാനും തിരുഹിതത്തോടു പരിപൂർണമായും വിധേയപ്പെടാനും യൗസേപ്പിന്റെ നിതാന്തജാഗ്രതയും ശ്രവണവും മനനവും നിദിധ്യാസനവും സഹായകമായി.

**ഏലിയാ പ്രവാചകന്റെ ആത്മീയയാത്ര**

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ 17 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ ഏലിയാ പ്രവാചകന്റെ ആത്മീയയാത്രയുടെ അതിസുന്ദരമായ വിവരണമുണ്ട്. കർത്താവിന്റെ അരുളപ്പാടനുസരിച്ച് ആഹാബ് രാജാവിനെ ആസന്നമാകുന്ന കടുത്ത വരൾച്ചയെക്കുറിച്ച് ഏലിയാ അറിയിക്കുകയാണ്. അതേ തുടർന്ന് ഏലിയാ കെറീത്ത് അരുവിയുടെ സമീപത്ത് ഒളിച്ചു താമസിക്കുകയാണ്. ഈ സമയങ്ങളിലെല്ലാം കാക്കകൾ ഏലിയായ്ക്ക് കൃത്യമായി ഭക്ഷണം എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. തുടർന്ന്, അദ്ദേഹം സറേഫാത്തിൽ ദരിദ്രയായ ഒരു വിധവയുടെ ഭവനത്തിൽ താമസമാക്കുന്നു. കലത്തിലെ മാവ് തീർന്നുപോകാതെയും ഭരണിയിലെ എണ്ണ വറ്റിപ്പോകാതെയും ഏലിയായ്ക്കും ആ വിധവയ്ക്കും അവളുടെ മകനും ദൈവം സംരക്ഷണം നൽകുന്നു. ആ വിധവയുടെ മകൻ മരണമടഞ്ഞപ്പോൾ ഏലിയാ കർത്താവിനോടു പ്രാർത്ഥിച്ച് അവനെ ജീവനിലേക്ക് മടക്കിക്കൊണ്ടുവരുന്നു. തുടർന്ന്, കാർമ്മൽ മലയിൽവച്ച് കർത്താവാണ് യഥാർത്ഥ ദൈവം എന്നു തെളിയിക്കാൻ ബാലിന്റെ നാന്നൂറ്റിയമ്പത് പുരോഹിതരേയും വെല്ലുവിളിച്ചുകൊണ്ട് ഏലിയാ അതിനാടകീയമായി അവതരിപ്പിക്കുന്ന ഹോമബലിയിൽ ആകാശത്തു നിന്ന് അഗ്നിയിറക്കി ദൈവം ബലിവസ്തുക്കളെയും ബലിപീഠത്തിലെ കല്ലുകളെപ്പോലും ദഹിപ്പിക്കുന്ന അവിശ്വസനീയമായ സംഭവവും ഏലിയാ ദർശിക്കുന്നു. വിജയശ്രീലാളിതനായ ഏലിയാ ബാലിന്റെ നാന്നൂറ്റിയമ്പത് പുരോഹിതന്മാരേയും വധിക്കാൻ ആജ്ഞാപിക്കുകയും ജനം പ്രവാചകന്റെ ആജ്ഞ നടപ്പിലാക്കുകയും ചെയ്യുന്നു. തുടർന്ന് മഴയ്ക്കുവേണ്ടിയുള്ള ദീർഘമായുള്ള കാത്തിരിപ്പിനൊടുവിൽ ശക്തമായ കാറ്റുവീശി വൻമഴ പെയ്യുന്ന കാഴ്ചയും ഏലിയാ കൺകുളിർക്കെ കാണുന്നു. കർത്താവ് തന്നിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അത്ഭുതാവഹമായ ഈ സംഗതികളിൽ മതിമറന്നിരിക്കുന്ന ഏലിയായ്ക്കേറ്റ കനത്തപ്രഹരമായിരുന്നു ജെസെബെൽ രാജ്ഞിയുടെ താക്കീത്. അത്യധികം ഭയപ്പെട്ട്

ഏലിയാ പ്രാണരക്ഷാർത്ഥം പലായനം ചെയ്യുകയാണ്. നാൽപതു ദിന രാത്രങ്ങളിലൂടെ യാത്രചെയ്ത് ഏലിയാ കർത്താവിന്റെ വിശുദ്ധ മല യായ ഹോറെബിൽ എത്തിച്ചേരുന്നു. അവിടെ ഒരു ഗുഹയിൽ ദൈവ ദർശനത്തിനായുള്ള കാത്തിരിപ്പാണ്. വലിയ കൊടുങ്കാറ്റുണ്ടായി. എന്നാൽ, കൊടുങ്കാറ്റിൽ ദൈവമുണ്ടായിരുന്നില്ല. തുടർന്നുണ്ടായ ഭൂകമ്പത്തിലും അഗ്നിയിലും ദൈവത്തെ കാണാനായില്ല. ഇതിനെല്ലാം ശേഷമുണ്ടായ വിശുദ്ധ നിശബ്ദതയിൽ ഏലിയാ ദൈവത്തെ കാണു ന്നു, മേലങ്കികൊണ്ട് തന്റെ മുഖം മറയ്ക്കുന്നു.

പ്രാർത്ഥനാജീവിതത്തെക്കുറിച്ച് അതിസുന്ദരമായ ഉൾക്കാഴ്ചകൾ നൽകുന്ന വിവരണമാണ് ഏലിയായുടെ ദൈവദർശന വഴികൾ. ദൈവം അത്ഭുതാവഹമായ കാര്യങ്ങൾ തനിക്കുവേണ്ടിയും തന്നിലൂടെ മറ്റുള്ളവർക്കുവേണ്ടിയും ചെയ്യുമ്പോൾ ദൈവത്തിന്റെ ശബ്ദം കേൾക്കാൻ ഏലിയാ മനസുകാണിക്കുന്നില്ല. ഭക്തിലഹരിയിൽ മതി മറന്ന് ആഹ്ലാദിക്കുന്ന, അല്പം അഹങ്കരിക്കുകകൂടി ചെയ്യുന്ന, കർത്താ വിന്റെ പ്രവാചകനെയാണ് നാം അവിടെ കാണുന്നത്. ദൈവദർശന ത്തിനായുള്ള നാൽപതു ദിനരാത്രങ്ങളിലെ ആത്മീയയാത്ര ഹോറെ ബിന്റെ വിശുദ്ധ നിശബ്ദതയിലേക്കാണ് ഏലിയായെ കൊണ്ടുചെന്നെ ത്തിക്കുന്നത്. അവിടെയാണ് ഏലിയാ ദൈവത്തെ മുഖാഭിമുഖം കാണുന്നതും ആനന്ദനിർവൃതിയിലലിയുന്നതും. ഭക്തിലഹരിയുടെ കാർമ്മൽ മലയിൽനിന്നും തിരുനിശബ്ദതയുടെ ഹോറെബ് മലയിലേ ക്കുള്ള ദൂരമാണ് യഥാർത്ഥ ദൈവാന്വേഷണം.

## ആസ്വാദ്യകരമായ ആത്മീയവിരുന്ന്

ഭക്തിലഹരിയിൽനിന്നുണർന്നു സുബോധമുള്ളവരാകാൻ ദൈവം നമ്മെ ക്ഷണിക്കുന്ന പുണ്യവർഷമാണ് യൗസേപ്പിതാവർഷം. ആത്മീയ വിരുന്നിന്റെ രുചികരമായ വിഭവങ്ങൾ നമ്മൾ ഒരിക്കലും ആസ്വദിച്ചി ട്ടില്ല എന്നതാണ് യാഥാർത്ഥ്യം. നല്ല വീഞ്ഞ് നീ ഇതുവരേയും സൂക്ഷിച്ചുവച്ചുവല്ലോ? എന്ന കലവറക്കാരന്റെ പരിഭവമൊഴി ഇന്നും നമ്മുടെ കർണപുടങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട്. നിശബ്ദതയും ശരീര നിലയും ശ്രവണവും മനനവും സാക്ഷാത്ക്കാരവും ധീരമായ ജീവിത സാക്ഷ്യവും ഒന്നു ചേരുന്ന അതിരുചികരമായ വിരുന്നാണ് ആത്മീയ ജീവിതം. പ്രാർത്ഥനാപുസ്തകവും തിരുവസ്ത്രവും ബലിപീഠവും ബലിവസ്തുക്കളും ഉച്ചഭാഷിണിയും വൈദ്യുതദീപങ്ങളും പുഷ്പാല ങ്കാരങ്ങളും രൂപമെഴുന്നെള്ളിപ്പും കരിമരുന്നുപ്രയോഗവും, ഒപ്പം നേർച്ച

പ്പെട്ടിയും, കൂടിച്ചേർന്നാൽ നമ്മുടെ ആത്മീയാഘോഷങ്ങൾ അതിഗംഭീരമായി എന്നു വിശ്വസിക്കുന്നവരാണ് ബഹുഭൂരിപക്ഷം വിശ്വാസികളും ആത്മീയാചാര്യന്മാരും. യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത് എന്ന ഗുരുവചനത്തെ ആധാരമാക്കി ആത്മീയമേഖലയെ പരിശോധിക്കാനും പുനഃക്രമീകരിക്കാനുമുള്ള വിവേകവും ധൈര്യവും സന്മനസും നമുക്കുണ്ടാകണം.

ശരീരവും മനസും ആത്മാവും തിരുനിശബ്ദതയിൽ സമന്വയിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥനയ്ക്ക് ശരീരനില അതിപ്രാധാന്യമുള്ള കാര്യമാണ്. നടുനിവർത്തി, കരങ്ങൾകൂപ്പി, ഏകാഗ്രതയോടെ പത്മാസനത്തിലോ വജ്രാസനത്തിലോ ഇരിക്കുന്നതാണ് പ്രാർത്ഥനയുടെ ആദ്യപടി. സ്ഥിരമായി യോഗ അഭ്യസിക്കുന്നവർക്ക് ഇതെളുപ്പമാണ്. മുട്ടുകുത്തുകയാണെങ്കിലും എഴുന്നേറ്റുനിൽക്കുകയാണെങ്കിലും ഉണർവിന്റെ പ്രതീതിയുണർത്തുന്ന ശരീരനില ഏകാഗ്രമായ പ്രാർത്ഥനയ്ക്ക് അനിവാര്യമാണ്. തിരുനിശബ്ദതയിലുള്ള ശ്രവണമാണ് രണ്ടാമത്തേത്. ധാരാളം സമയം തിരുസന്നിധിയിൽ ഉണർന്നിരുന്ന് ഏകാഗ്രതയോടെ ദൈവത്തെ കേൾക്കണം. രാത്രിയുടെ നീണ്ടയാമങ്ങളിൽ ദീർഘനേരം സ്വർഗപിതാവിനോ ടു സ്നേഹസംഭാഷണം നടത്തുന്ന ഈശോ തന്നെയാണ് ഈ ആ ത്മീയശ്രവണത്തിനു നമുക്ക് മാതൃകയാകേണ്ടത്. ആത്മീയാചാര്യന്മാരുടെ ഉപദേശങ്ങളും വചനപ്രഘോഷണവും വിശുദ്ധഗ്രന്ഥപാരായണവും ആത്മീയവായനയുമെല്ലാം ഇതിനു സഹായകമാണ്. അതീവശ്രദ്ധയോടെ ചെയ്യേണ്ട മനനമാണ് മൂന്നാമത്തേത്. ലഭ്യമായ തിരുവചസ്സുകൾ നമ്മുടെ ജീവിതയാഥാർത്ഥ്യങ്ങളുമായി താരതമ്യപ്പെടുത്തി കാര്യകാരണങ്ങൾ പരിശോധിച്ച് ദൈവഹിതമെന്തെന്നു കൃത്യതയോടെ വിവേചിച്ചറിയുന്നതാണ് മനനം. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും പ്രാർത്ഥനാരീതിയാണത്. മനനത്തിൽ മയങ്ങുന്ന യൗസേപ്പിനു സ്വപ്നത്തിലൂടെയാണ് ദൈവഹിതം വിവേചിച്ചറിയാനുള്ള കൃപ ലഭിച്ചത്. തിരുഹിതനിർവ്വഹണത്തിനു തയ്യാറെടുക്കുന്ന മനുഷ്യാത്മാവിന്റെ ദൈവാത്മാവിനോടുള്ള ആത്മീയപ്രണയത്തെ ഉജ്ജ്വലിപ്പിക്കുന്ന നിദിധ്യാസനമാണ് അവസാനത്തേത്. "ദൈവമേ, എന്നെ അങ്ങേയ്ക്കായി സൃഷ്ടിച്ചു. അങ്ങയിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും" എന്ന വിശുദ്ധ ആഗസ്തീനോസിന്റെ

പ്രാർത്ഥന നിദിധ്യാസനത്തിൽ നിന്നുമുയരുന്ന ആത്മീയ പ്രണയത്തിന്റെ പ്രതിധ്വനിയാണ്.

**യൗസേപ്പിതാവർഷാചരണം**

യൗസേപ്പിതാവർഷം ആചരിക്കാനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളോടെ ഈ വിചിന്തനം അവസാനിപ്പിക്കാം.

1. വിശുദ്ധ കുർബാനയർപ്പണത്തിനു മുൻപ് അരമണിക്കൂർ സമയം തിരുനിശബ്ദതയ്ക്കും ധ്യാനത്തിനുമായി മാറ്റിവയ്ക്കുക.
2. തിരുവചനവായനയ്ക്കും വി. കുർബാനസ്വീകരണത്തിനും ശേഷം ഏതാനും നിമിഷങ്ങൾ നിശബ്ദതയിൽ ചെലവഴിക്കുക.
3. പരിശുദ്ധ കുർബാനയുടെ ആരാധനാസമയത്തിന്റെ മൂന്നിൽ രണ്ടു ഭാഗമെങ്കിലും നിശബ്ദമായ ശ്രവണത്തിനും മനനത്തിനും നിദിധ്യാസനത്തിനുമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
4. മതബോധന ക്ലാസുകളിൽ യോഗാഭ്യാസത്തിനും തിരുനിശബ്ദതയ്ക്കും ധ്യാനത്തിനും അവസരമൊരുക്കുക.
5. ധ്യാനകേന്ദ്രങ്ങളിൽ നിശബ്ദതയുടെയും ശ്രവണ-മനന-നിദിധ്യാസനങ്ങളുടെയും പ്രാധാന്യം വിശ്വാസികളെ ബോധ്യപ്പെടുത്തി ഈ പ്രാർത്ഥനാരീതി പരിശീലിക്കുന്നതിനു വിശ്വാസികൾക്ക് അവസരമൊരുക്കുക.
6. ദൈവാത്മാവിനോടുള്ള ആത്മീയലയനത്തിനു സഹായകമാകുന്ന ഭജനഗാനങ്ങൾ നമ്മുടെ പ്രാർത്ഥനാസമ്മേളനങ്ങളുടെ അവിഭാജ്യഘടകമാക്കുക.
7. ശബ്ദമലിനീകരണം ഒഴിവാക്കാനുള്ള നിശ്ചയദാർഢ്യത്തോടെ വിവേകപൂർവ്വം ഉച്ചഭാഷിണി ഉപയോഗിക്കുക.

തിരുസന്നിധിയിൽ സദാസമയവും ഉണർന്നിരുന്ന വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം നമുക്കും ഉണർവിന്റെ വൻകൃപയ്ക്കായി ഒരുമയോടെ പ്രാർത്ഥിക്കാം.

*സത്യദീപം*, 2021 ഫെബ്രുവരി 17

# മണിമലയിൽ വിരിഞ്ഞ് എറണാകുളത്തു പ്രശോഭിച്ച വാടാമലർ

*റവ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി*

ചങ്ങനാശ്ശേരി അതിരൂപതയിലെ മണിമലയിൽ ഭൂജാതനായി, മൈസൂർ രൂപതയ്ക്കുവേണ്ടി വൈദികനായി, ഊട്ടി രൂപതയുടെ പ്രഥമ മെത്രാനായി, ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്തയായി, തീർത്ഥാടനം നടത്തിയ അഭിവന്ദ്യ മാർ ആന്റണി കാർഡിനൽ പടിയറ 1985 ജൂലൈ 3-ന് തീർത്ഥാടന പാതയിലെ നാലാം സ്ഥലമായി എറണാകുളം അതിരൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. "നട്ടിടത്ത് പുഷ്പിക്കണം" എന്ന ആദർശമായിരുന്നു പടിയറ പിതാവിന്റേത്. പിതാവായ ദൈവം പടിയറ പിതാവിനെ പലപല തോട്ടങ്ങളിൽ മാറിമാറി നട്ടു. നട്ടിടത്തെല്ലാം നന്മയുടെ സൗരഭ്യം പരത്തിക്കൊണ്ടു പുഷ്പിച്ചു ഫലം ചൂടി. അതിനാൽ, കേരളത്തിൽ മാറ്റൊരു മെത്രാനും ഇതുവരെ അവകാശപ്പെടാൻ പറ്റാത്ത ഒരു തീർത്ഥയാത്രയുടെ ജീവിതകഥയാണ് - ചരിത്രമാണ് - കർദിനാൾ മാർ ആന്റണി പടിയറയ്ക്കു ലോകത്തോടു പറയാനുള്ളത്. ഈ വലിയ തീർത്ഥാടകന്റെ ജന്മശതാബ്ദിയാണ് 2021 ഫെബ്രുവരി 11-ന് ആചരിക്കപ്പെടുന്നത്.

കോട്ടയം ജില്ലയിലെ മണിമല ദേശത്ത് 1921 ഫെബ്രുവരി 11-ന് പുരാതന പടിയറ കുടുംബത്തിൽ കുരുവിള - അന്നമ്മ ദമ്പതികളുടെ അഞ്ചാമത്തെ പുത്രനായിട്ടാണു പടിയറ പിതാവിന്റെ ജനനം. പ്രൈമറി വിദ്യാഭ്യാസം മണിമലയിലും സെക്കന്ററി വിദ്യാഭ്യാസം ചങ്ങനാശ്ശേരി എസ്.ബി. ഹൈസ്ക്കൂളിലും പൂർത്തിയാക്കി. പഠിക്കാൻ സമർത്ഥനും ജനസേവനത്തിൽ തീക്ഷ്ണമതിയും കായികപ്രേമിയുമായിരുന്ന ഈ കൗമാരക്കാരൻ ഒരു മിഷനറി വൈദികനാകാൻ ആഗ്രഹിച്ച്, കോയമ്പത്തൂരിലെ മിഷനിൽ സേവനം ചെയ്യാൻ അവിടെ മൈനർ സെമിനാരിയിൽ പ്രവേശിച്ചു വൈദിക പരിശീലനം (സെമിനാരി പഠനം) ആരംഭിച്ചു. മൈനർ സെമിനാരിയിൽവച്ചുതന്നെ മലയാള ഭാഷയ്ക്കു പുറമെ തമിഴും, കന്നഡയും ഇംഗ്ലീഷും സ്വായത്തമാക്കി. മാതൃഭാഷപോലെ ഈ മൂന്നു ഭാഷകളും അനായാസം കൈകാര്യം ചെയ്യാൻ പഠിച്ച ബ്രദർ

ആന്റണി പടിയറ ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് മേജർ സെമിനാരിയിൽ പരിശീലനം തുടങ്ങി, സേലത്ത് അത് പൂർത്തിയാക്കി. വൈദീക പരിശീലനകാലത്തു രൂപംകൊണ്ട (1940) മൈസൂർ രൂപതയ്ക്കുവേണ്ടി 1945 ഡിസംബർ 19-നു ആന്റണി ശെമ്മാശ്ശൻ വൈദികപട്ടം സ്വീകരിച്ചു. പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട ആന്റണിയച്ചൻ വളരെ പെട്ടെന്നു തമിഴ്മക്കളുടെ പ്രിയപ്പെട്ട 'അന്തോണി സ്വാമിയാരായി' മാറി. മൈസൂരിലെ കൊടുവേരിയിൽ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു പ്രഥമ നിയമനം. തുടർന്ന്, കൊല്ലനൽ, ഊട്ടി ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. 1952-ൽ മൈസൂർ മൈനർ സെമിനാരി റെക്ടറായി നിയമിതനായി. ഇക്കാലത്ത് രണ്ടു വർഷം ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ അദ്ധ്യാപകനായും ശുശ്രൂഷ ചെയ്തു. ഈ കാലയളവിൽ ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ എന്നീ മൂന്നു ഭാഷകൾകൂടി അദ്ദേഹം സ്വായത്തമാക്കി. 1955 ജൂലൈ 3-നു ഊട്ടി രൂപത സ്ഥാപിതമായപ്പോൾ അതിന്റെ പ്രഥമ മെത്രാനായി വെറും 34 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അന്തോണി സ്വാമിയാർ നിയമിതനായി. 1955 ഒക്ടോബർ 16-നു മെത്രാനായി അഭിഷിക്തനായി.

നവജാതയായ ഊട്ടി രൂപതയെ പതിനഞ്ചുവർഷം ഊട്ടിവളർത്തി ബാലാരിഷ്ടതകളിൽനിന്നും കരകയറ്റി കൗമാരത്തിലെത്തിച്ചപ്പോൾ ദൈവം പുതിയൊരു ദൗത്യം പടിയറ പിതാവിനെ ഭരമേല്പിച്ചു. മിഷൻ രംഗത്തുനിന്നും ജന്മഗൃഹത്തിലേക്കു തിരിച്ചുവരാനുള്ള (ഘർ വാപസി) നിയോഗമായിരുന്നു അത്. 1970 ജൂൺ 13-നു ആന്റണി പടിയറ മെത്രാനെ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി മാർപാപ്പ നിയമിച്ചു. 1970 ആഗസ്റ്റ് 7-നു മെത്രാപ്പോലീത്തായുടെ സ്ഥാന ചിഹ്നമായ പാലിയം റോമിൽവച്ചു സ്വീകരിച്ച പടിയറ പിതാവ് 1970 ആഗസ്റ്റ് 15-നു ചങ്ങനാശ്ശേരി അതിരൂപതയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. പുണ്യശ്ലോകനായ മാർ മാത്യു കാവുകാട്ടു പിതാവിന്റെ പിൻഗാമിയായി ചങ്ങനാശ്ശേരിയിലെ ദൈവജനത്തെ 15 വർഷം പുണ്യപാതയിൽ നയിച്ച പടിയറ പിതാവിനെക്കുറിച്ചു പിതാവായ ദൈവത്തിനു മറ്റൊരു വലിയ പദ്ധതിയുണ്ടായിരുന്നു. 1985 മെയ് 18-നു വി. ജോൺ പോൾ രണ്ടാമൻ പാപ്പ പടിയറ പിതാവിനെ എറണാകുളം അതിരൂപതയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തായും നാലാമത്തെ മേലദ്ധ്യക്ഷനുമായി നിയമിച്ചു. 1985 ജൂലൈ 3-നു അദ്ദേഹം എറണാകുളം അതിരൂപതയുടെ ഭരണ സാരഥ്യം ഏറ്റെടുത്തു. 1988 മെയ് 29-ന് പടിയറ മെത്രാപ്പോലീത്തായെ കർദിനാൾ സ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ടുള്ള നിയമന വാർത്ത വിളംബരം ചെയ്യപ്പെട്ടു. ജൂൺ 28-നു

കർദിനാൾ സ്ഥാനം സ്വീകരിച്ചു. 1992 ഡിസംബർ 16-നു സീറോ മലബാർ സഭയെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായി വി. ജോൺ പോൾ രണ്ടാമൻ പാപ്പ ഉയർത്തി; ഒപ്പം എറണാകുളം അതിരൂപതാദ്ധ്യക്ഷനായിരുന്ന മാർ ആന്റണി പടിയറ മെത്രാപ്പോലീത്തായെ അതിന്റെ പ്രഥമ മേജർ ആർച്ചുബിഷപ്പായും. മണിമലയെന്ന കൊച്ചുഗ്രാമത്തിൽ വിരിഞ്ഞ ഈ മനോഹര പുഷ്പത്തെ ദൈവം തീർത്ഥാടന പാതയിൽ പടിപടിയായി ഉയർത്തി, ഔന്നത്യത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തിച്ചു. 1993 മെയ് 30-ന് മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണവും നടന്നു. 1996 ഫെബ്രുവരി 11-ന് ഈ മഹാരഥൻ 75 വയസ്സ് പൂർത്തിയാക്കി. 26-ാം വയസ്സിൽ ആരംഭിച്ച പൗരോഹിത്യ ശുശ്രൂഷ യും, 34-ാം വയസ്സിൽ ശിരസിലേറ്റ മെത്രാൻ സ്ഥാനവും കടന്നു ശ്രേഷ്ഠ മെത്രാപ്പോലീത്തൻ പദവിവരെ നീണ്ടുനിന്ന ഇടയ ജീവിതം വിശ്രമത്തിലേക്കു പ്രവേശിക്കാൻ സമയമായെന്നു മനസ്സും അതിലുപരി ശരീരവും പിതാവിനോടു മന്ത്രിച്ചു. “എന്റെ ജീവിതം ഒരു തീർത്ഥാടനമാണ്; എന്നെ നയിക്കുന്നത് ദൈവമാണ്. ഈ യാത്രയിൽ ദൈവം എന്നെ എങ്ങോട്ടു നയിക്കുമെന്ന് എനിക്കറിയില്ല. അവിടുന്ന് നയിക്കുന്നിടത്തേക്കു ഞാൻ പോകുന്നു. അത് എന്റെ കണക്കുകൂട്ടലുകൾക്കപ്പുറത്താണ്. ഞാൻ ദൈവതിരുമനസ്സിനു വിധേയപ്പെടുന്നു. ദൈവം നടുന്ന സ്ഥലത്തു ഞാൻ പുഷ്പിക്കാൻ ശ്രമിക്കുന്നു” ഇതായിരുന്നു പടിയറ പിതാവിന്റെ മനോഭാവം. പ്രായാധിക്യത്താലും രോഗത്താലും ക്ഷീണിതനായിരുന്ന പടിയറ പിതാവ് മാസങ്ങൾക്കു മുമ്പേ മാർപാപ്പയ്ക്കു സമർപ്പിച്ച രാജികത്ത് 1996 ഡിസംബർ 23-നു മാർപാപ്പ അംഗീകരിച്ചു. 41 വർഷം നീണ്ടുനിന്ന തന്റെ മെത്രാൻ ശുശ്രൂഷ ഔദ്യോഗികമായി അവസാനിപ്പിച്ചു. 1997 ജനുവരി 18-നു അതിരൂപത ഉചിതമായ യാത്രയയപ്പു നല്കി. വിശ്രമ ജീവിതത്തിനായി പടിയറ പിതാവു തന്നെ നിർമ്മിച്ച പ്രകൃതി യോഗാശ്രമത്തിലേക്ക് അദ്ദേഹം യാത്രയായി. 2000 മാർച്ച് 23-നു തന്റെ നിത്യസമ്മാനം സ്വീകരിക്കാൻ അദ്ദേഹം സ്വർഗ്ഗത്തിലേക്കു യാത്ര പുറപ്പെട്ടു.

മാതൃകാ യോഗ്യനായ അജപാലകൻ, പ്രഗത്ഭനായ ധ്യാനഗുരു, ബഹുഭാഷാപണ്ഡിതനായ ജ്ഞാനയോഗി, പ്രേഷിത പ്രബുദ്ധനായ മിഷനറി, കർത്തവ്യരംഗത്ത് അചഞ്ചലനായ കർമ്മയോഗി, വലിയ സുഹൃദ് വലയത്തിന്റെ ഉടമ എന്നീ നിലകളിൽ കത്തോലിക്കാ സഭയുടെ അഭിമാനമായി മാറിയ ഇടയശ്രേഷ്ഠനായിരുന്നു പടിയറ പിതാവ്. ഇന്ത്യൻ രാഷ്ട്രപതി ഡോ. ശങ്കർദയാൽ ശർമ്മ മുതൽ ആരാലും അറിയപ്പെടാത്ത നിരാലംബർവരെ പടിയറ പിതാവിന്റെ വലിയ സുഹൃദ് വലയ

ത്തിൽ ഉൾപ്പെട്ടിരുന്നു. പടിയറ പിതാവിന്റെ ആതിഥ്യം സ്വീകരിക്കാൻ രാഷ്ട്രപതി ഡോ. ശങ്കർ ദയാൽ ശർമ്മ 29-10-1992-ൽ എറണാകുളം അതിമെത്രാസന മന്ദിരം സന്ദർശിച്ചു ഭക്ഷണം കഴിച്ചു എന്നതും എടുത്തുപറയേണ്ടിയിരിക്കുന്നു.

പടിയറ പിതാവിന് എറണാകുളത്ത് ലഭിച്ച സ്വീകാര്യത ബന്ധങ്ങളുടെ പുതിയൊരു മാനം സൃഷ്ടിച്ചു എന്നത് വാസ്തവമാണ്. അദ്ദേഹം എറണാകുളം അതിരൂപതയെയും അതിരൂപതയിലെ വൈദികരെയും ജനങ്ങളെയും തന്റെ സ്വന്തമായി കരുതി സ്നേഹിച്ചു. അതിനാൽ, തന്റെ സ്വകാര്യ സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും എറണാകുളത്തുള്ളവരെക്കുറിച്ചു പറഞ്ഞിരുന്നത് "എന്റെ അതിരൂപത", "എന്റെ അച്ചന്മാർ", "എന്റെ ജനം" എന്നെല്ലാമാണ്. അതിരൂപതയിലുള്ളവരെ മുഴുവൻ `own' ചെയ്യാനുള്ള 'തന്റെ സ്വന്തമായി കരുതി സ്നേഹിക്കാനുള്ള വലിയ സിദ്ധി' പടിയറ പിതാവിനുണ്ടായിരുന്നു. ലേഖകൻ അതു നേരിട്ട് അനുഭവിച്ച സന്ദർഭങ്ങൾ പലതാണ്.

1991 ഏപ്രിൽ 28-30 തീയതികളിൽ എറണാകുളം അതിരൂപതയിലെ മേജർ സെമിനാരിക്കാരുടെ gathering റിന്യൂവൽ സെന്ററിൽ നടക്കുന്ന സമയം. ഏപ്രിൽ 30-നു രാവിലെ വിശുദ്ധ ബലിയർപ്പിക്കാനും മേജർസെമിനാരിക്കാരുമായി സല്ലപിക്കാനുമായി പടിയറ പിതാവ് സ്ഥലത്തെത്തി. വിശുദ്ധ കുർബാനയ്ക്കുശേഷം പിതാവിന്റെ ചുറ്റുംകൂടി കുശലം പറയുന്നതിനിടയിൽ ഒരു സെമിനാരിക്കാരൻ ഓടിവന്നു പിതാവിന്റെ കൈമുത്തി. അന്നേരം മറ്റൊരു സെമിനാരിക്കാരൻ പറഞ്ഞു: "പണ്ടു പിതാക്കന്മാരുടെ മോതിരം മുത്തിയാൽ ദണ്ഡവിമോചനം ലഭിക്കുമെന്നു കേട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ മോതിരം മുത്തിയാൽ 'ദണ്ഡം' മാത്രമേ ഉണ്ടാകൂ, 'മോചനം' കിട്ടുകയില്ല എന്നു മങ്കുഴിക്കരി പിതാവ് ഒരിക്കൽ പറഞ്ഞതോർക്കുന്നു. അതു ശരിയാണോ പിതാവേ?" ചോദ്യം ചോദിച്ചവന്റെ മുഖത്തുനോക്കി നന്നായി കുലുങ്ങി ചിരിച്ച് പിതാവ് പറഞ്ഞു: "മങ്കുഴിക്കരി പിതാവ് ഒരു 'സത്യം' പറഞ്ഞെന്നേയുള്ളൂ. എന്നു വിചാരിച്ചു മോതിരം മുത്താതിരിക്കണമെന്നില്ല. അതു വിധേയത്വത്തിന്റെയും ബഹുമാനത്തിന്റെയും അടയാളം കൂടിയാണ്."

ഇതുകേട്ട മറ്റൊരു സെമിനാരിക്കാരൻ ചോദിച്ചു: "പിതാവേ മെത്രാന്മാർ മോതിരം അണിയുന്നത് എന്തിനാ?" പിതാവ് പറഞ്ഞു: "ഭാര്യാഭർത്താക്കന്മാർ മോതിരമണിയുന്നത് എന്തിനാ? അത് അവരുടെ പരസ്പരമുള്ള

സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും വി ശ്വസ്തതയുടെയും പ്രതീകമല്ലേ. ഇതുപോലെ ഒരു മെത്രാൻ തന്റെ രൂപതയെ വധുവായി സ്വീകരിച്ച് അവൾക്കുവേണ്ടി തന്നത്തന്നെ സമർപ്പിച്ചിരിക്കുന്നതിന്റെയും അവളെ വിശ്വസ്തതാപൂർവ്വം സ്നേഹിക്കുന്നതിന്റെയും പ്രതീകമാണ്. എന്റെ ഈ മോതിരം ഞാൻ എറണാകുളം അതിരൂപതയെ സ്നേഹിക്കുന്നതിൻെറയും ഈ രൂപതയ്ക്കുവേണ്ടി സമർപ്പിച്ചിരിക്കുന്നതിന്റെയും പ്രതീകമാണ്." പിതാവിന്റെ മറുപടി കൗതുകപൂർവ്വം കേട്ടുനിന്ന മറ്റൊരു സെമിനാരിക്കാരൻ ചോദിച്ചു: "പിതാവേ, പിതാവ് ഈ അതിരൂപതയെ ഏറെ സ്നേഹിക്കുന്നുണ്ടെങ്കിൽ അതിരൂപതയിലെ അച്ചന്മാർക്കും ജനങ്ങൾക്കും ഇഷ്ടമില്ലാത്ത കാര്യങ്ങൾ അവരുടെമേൽ അടിച്ചേല്പ്പിക്കുമോ?" അപ്രതീക്ഷിതമായ ഈ ചോദ്യം കേട്ട് പടിയറ പിതാവ് സ്തംഭിച്ചില്ല. നന്നായി ചിരിച്ചുകൊണ്ട് എല്ലാവരുടെയും മുഖത്തേക്കു നോക്കി ചിരിച്ചു. ചോദ്യത്തിന്റെ ആന്തരാർത്ഥം പിതാവിനു പിടികിട്ടിയിരുന്നു. ആരാധനക്രമസംബന്ധമായ കാര്യങ്ങൾ 'കത്തിനില്ക്കുന്ന' സമയമായിരുന്നതിനാൽ ചോദ്യത്തിനുള്ള പിതാവിന്റെ ഉത്തരം കേൾക്കാൻ എല്ലാവരും ആകാംക്ഷയോടെ പിതാവിന്റെ മുഖത്തേക്കുനോക്കി നില്ക്കുമ്പോൾ പടിയറ പിതാവ് സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞു: "എന്റെ അതിരൂപതയിലെ എന്റെ അച്ചന്മാർക്കും ജനങ്ങൾക്കും സ്വീകാര്യമല്ലാത്തതൊന്നും അവരുടെമേൽ അടിച്ചേല്പ്പിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല." ഒരു നിമിഷനേരത്തെ നിശബ്ദതയ്ക്കുശേഷം അദ്ദേഹം കൂട്ടിച്ചേർത്തു: "സാബത്തു മനുഷ്യനുവേണ്ടിയാണ്. മനുഷ്യൻ സാബത്തിനുവേണ്ടിയല്ല" എന്നല്ലേ യേശു പറഞ്ഞത്. മേല്പറഞ്ഞ സംഭാഷണം സെമിനാരിക്കാരെ ഏറെ സന്തോഷിപ്പിച്ചു എന്നു പറയേണ്ടതില്ലല്ലോ. പ്രത്യേകിച്ചും, "എന്റെ അതിരൂപതയിലെ എന്റെ അച്ചന്മാരും ജനങ്ങളും" എന്ന പ്രയോഗം (റോമിൽവച്ച് സീറോമലബാർ മെത്രാന്മാരുടെ സിനഡിൽവച്ചും പടിയറ പിതാവ് ഇപ്രകാരം സംസാരിച്ചതായി മറ്റു മെത്രാന്മാരിൽനിന്നും വൈദികരിൽനിന്നും പറഞ്ഞു കേട്ടിട്ടുണ്ട്).

അതിരൂപതയെ ഏറെ സ്നേഹിച്ച ഈ വന്ദ്യ പിതാവ് തന്റെ മുൻഗാമികളുടെ കാലത്തു തുടങ്ങിവച്ച എല്ലാ പ്രസ്ഥാനങ്ങളെയും പൂർണ്ണമായും പിന്തുണയ്ക്കുകയും വളർത്തുകയും ചെയ്തു. അതിരൂപതയിലെ വരവുചെലവുകളുടെ കണക്കുകൾ പ്രസ്ബിത്തേരിയത്തിൽ (സമ്പൂർണ്ണ വൈദിക സമ്മേളനം) അവതരിപ്പിക്കാൻ തുടങ്ങിയത് അഭിവന്ദ്യ പടിയറ പിതാവിന്റെ കാലത്തായിരുന്നു എന്നു പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. മുൻഗാമികൾ നേടിയതൊന്നും നഷ്ട

പ്പെടുത്താതെ തന്നാലാവും വിധമെല്ലാം കൂട്ടിച്ചേർത്തും വികസിപ്പിച്ചും അതിരൂപതയെ വളർത്തുന്നതിൽ, സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. അതുവഴി രാഷ്ട്രനിർമ്മിതിയിൽ തന്നെ പങ്കുകാരനായ അഭിവന്ദ്യ പടിയറ പിതാവിനെ 1998 ജനുവരി 26-നു പത്മശ്രീ അവാർഡു നല്കി രാഷ്ട്രം ആദരിച്ചു.

## സ്ഥാന ത്യാഗത്തിനുള്ള പരിശ്രമങ്ങൾ

നന്നേ ചെറുപ്പത്തിൽതന്നെ ഒരു മിഷനറിയായി അന്യദേശത്തുപോയി ദൈവശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുകയും ആ ആഗ്രഹത്തെ വളവും ജലവും നല്കി പരിപോഷിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നല്ലോ പടിയറ പിതാവ്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുശേഷം മിഷനറിയാകാൻ ആഗ്രഹിച്ച് തമിഴ്നാട്ടിലേക്കു ചേക്കേറുകയും വൈദികനായി, മിഷനറിയായി സേവനം ആരംഭിക്കുകയും ചെയ്തുവരുമ്പോൾ ഊട്ടി രൂപത സ്ഥാപിതമാവുകയും അതിന്റെ പ്രഥമ മെത്രാനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത്. നവജാത മിഷൻ രൂപതയായ ഊട്ടി രൂപതയ്ക്ക് ഊടും പാവും നല്കി ബാലാരിഷ്ടതകളിൽനിന്നും അതിനെ കരകയറ്റുമ്പോഴാണ് തന്റെ മാതൃരൂപതയായ ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി അദ്ദേഹം നിയമിക്കപ്പെട്ടതും ചങ്ങനാശ്ശേരിയിലേക്കു പ്രത്യാഗമിച്ചതും. ലത്തീൻ മിഷൻ രൂപതയായിരുന്ന ഊട്ടിയിൽ നിന്നും കടുത്ത പൗരസ്ത്യ സ്വഭാവസവിശേഷതകളും പാരമ്പര്യങ്ങളും പുലർത്തുന്ന ചങ്ങനാശ്ശേരിയിൽ എത്തിച്ചേർന്ന പടിയറ പിതാവിനുണ്ടായ അനുഭവങ്ങൾ എന്തായിരുന്നു എന്ന് ഈ ലേഖകനറിയില്ല. ഒരുകാര്യം മാത്രം അറിയാം: മിഷനറിയായി ജീവിതകാലം മുഴുവൻ ജീവിക്കണം എന്നു അദമ്യമായി ആഗ്രഹിച്ചിരുന്ന പടിയ പിതാവിന്റെ മനസ്സ് പൗരാണിക, പൗരസ്ത്യ മെത്രാപ്പോലീത്തൻ സിംഹാസനത്തിൽ സന്തോഷം കണ്ടെത്തിയിരുന്നില്ല. ആകയാൽ, മെത്രാപ്പോലീത്താസ്ഥാനം രാജിവച്ചു മിഷനറിയായി ജീവിക്കാൻ ആഗ്രഹിച്ച് തന്റെ രാജിക്കത്ത് 1973 നവംബറിൽ അദ്ദേഹം മാർപ്പാപ്പയ്ക്കു സമർപ്പിച്ചു. വൈദികർക്കും സന്യസ്തർക്കും ജനങ്ങൾക്കും വേണ്ടി മുഴുവൻ സമയ ധ്യാനപ്രസംഗങ്ങൾ നടത്താൻ അനുവദിക്കണമെന്നു രാജിക്കത്തിൽ പ്രത്യേകം അപേക്ഷിച്ചിരുന്നു. വത്തിക്കാൻ അദ്ദേഹത്തിന്റെ രാജിക്കത്ത് കൈപ്പറ്റിയെങ്കിലും സ്ഥാനത്യാഗം ചെയ്യാൻ അദ്ദേഹത്തെ അനുവദിച്ചില്ല. അദ്ദേഹത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി മറ്റൊന്നായിരുന്നു.

മേജർ ആർച്ചുബിഷപ്പായിരിക്കെ സംസാരിക്കാൻ പലപ്പോഴും പടിയറ പിതാവിനു പ്രയാസമുണ്ടായിരുന്നു. പാർക്കിൻസൻസ് എന്ന അസുഖത്തിനു കഴിച്ചിരുന്ന മരുന്നിന്റെ പാർശ്വഫലമായിട്ടായിരുന്നു സംസാരം പ്രയാസമായത്. അദ്ദേഹത്തിന്റെ നിസ്സാഹായാവസ്ഥ കണ്ട് "പിതാവിനു രാജിവച്ചുകൂടെ; പ്രായമായില്ലേ; സംസാരിക്കാൻ പോലും പ്രയാസപ്പെടുന്നു; എന്തിനാണു അധികാര കസേരയിൽ കടിച്ചുതൂങ്ങി കിടക്കുന്നത്" എന്നെല്ലാം പലരും അടക്കം പറയുന്നത് കേട്ടിട്ടുണ്ട്. എന്നാൽ, ആരോഗ്യവാനായി ഓടിനടക്കുമ്പോൾ തന്നെ അധികാര കസേര വലിച്ചെറിഞ്ഞ് മിഷൻ രംഗത്തുപോയി മിഷനറിയായി ജീവിച്ചു മരിച്ചു അടക്കപ്പെടാൻ ആഗ്രഹിച്ച് അദ്ദേഹം രാജിസമർപ്പിച്ചിരുന്നവനാണ് എന്ന സത്യം ബാഹ്യലോകം അറിഞ്ഞില്ല.

പഴുത്ത ഇല എപ്പോൾ വേണമെങ്കിലും ഞെട്ടറ്റു വീഴാം

പടിയറ പിതാവ് ഔദ്യോഗിക ചുമതലകളിൽ നിന്നെല്ലാം വിരമിച്ചു കാക്കനാട് പ്രകൃതി ചികിത്സാലയത്തിൽ വിശ്രമജീവിതം നയിക്കുന്ന കാലഘട്ടം. ഞാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വടക്കെ അറ്റത്തുള്ള വെസ്റ്റ് കൊരട്ടി, വാളൂർ എന്നീ രണ്ടു പ ള്ളികളുടെ വികാരിയായി ശുശ്രൂഷ ചെയ്യുന്ന സമയം. വാളൂരിൽ പുതിയ ദേവാലയത്തിന്റെ നിർമ്മാണം നടക്കുന്നു. തീർത്തും ദരിദ്രരായ ഇടവകാംഗങ്ങൾ. പള്ളി പണി തീർക്കുന്നതിനു സാമ്പത്തിക പ്രതിസന്ധി നിമിത്തം ഇടവകാംഗങ്ങൾക്കൊപ്പം ഞാനും പണംതേടി യാത്ര ചെയ്യുമ്പോൾ റിട്ടയർ ചെയ്ത വ്യക്തിയാണെങ്കിലും പടിയറ പിതാവിനെയും ഒന്നു സന്ദർശിച്ചേക്കാം എന്നു തീരുമാനിച്ചു. സഹായത്തിനായി തന്റെ പക്കൽ വരുന്നവരെ വെറുംകയ്യോടെ പറഞ്ഞയയ്ക്കുന്ന ശീലം പിതാവിനില്ലെന്ന് കേട്ടിട്ടുള്ളതിന്റെ ധൈര്യത്തിലാണ് ഞാൻ പിതാവിനെ സമീപിച്ചത്. പടിയറ പിതാവാണ് ആ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത്. ആ കല്ല് മുളപ്പിക്കുന്നതിനുള്ള ഞങ്ങളുടെ പരിശ്രമങ്ങളിൽ പിതാവും ഭാഗഭാഗിത്വം വഹിക്കണം എന്നു ഞാൻ പിതാവിനോട് പറഞ്ഞു.

അക്കാലത്ത് ശാരീരികമായി പിതാവ് തീർത്തും ക്ഷീണിതനായിരുന്നു. ഉച്ചവിശ്രമം കഴിഞ്ഞ് ഉന്മേഷവാനായി ഇരുന്ന സമയമായിരുന്നതിനാൽ ഞാൻ പറഞ്ഞതെല്ലാം സാകൂതം ചെറു പുഞ്ചിരിയോടെ കേട്ടിരുന്നു. പിന്നീട് "റി ട്ടയർ ചെയ്തു വിശ്രമജീവിതം നയിക്കുന്ന എനിക്ക് അച്ചനു തരാൻ, അച്ചൻ ആഗ്രഹിക്കുന്നവിധം ഒരു വലിയ സഹായം ചെയ്യാൻ,

നിർവ്വാഹമില്ല. എങ്കിലും ഒരു കൊച്ചു സഹായം ചെയ്യാം" എന്നു പറഞ്ഞു. മേശപ്പുറത്തിരുന്ന മണിയിൽ പിതാവ് കയ്യമർത്തി. സഹായി ശ്രീ. ആന്റണി വന്നു. ഒരു ചെക്കു കൊണ്ടുവരുവാൻ പറഞ്ഞു. പിതാവു തന്നെ തുക അക്കത്തിലും അക്ഷരത്തിലും എഴുതി ഒപ്പിട്ടു. ചെക്കും കവറും കൂടി എന്റെ നേരെ നീട്ടി. തുക ചെറുതെങ്കിലും അതു തരുന്നതിനും എന്നെ നിരാശനാക്കാതിരിക്കുന്നതിനും പിതാവ് നല്ല മനസ്സ് കാണിച്ചല്ലോ എന്നോർത്തു പിതാവിനു നന്ദി പറഞ്ഞു.

ചെക്കു കിട്ടിയ സ്ഥിതിക്കു ഇനിയും ഓരോ വിശേഷങ്ങൾ പറഞ്ഞു പിതാവിനെ ബോറടിപ്പിക്കേണ്ടതില്ലല്ലോ എന്ന ചിന്തയാൽ പോകാമെന്നുറച്ച് ഞാൻ പതുക്കെ കസേരയിൽനിന്നും എഴുന്നേറ്റു. അന്നേരം പിതാവ് സഹായി ശ്രീ. ആന്റണിയോട് കൈകൊണ്ട് ആംഗ്യം കാണിച്ചു. അദ്ദേഹം ഉടനെ അവിടെനിന്നും പോയി. പിതാവ് എന്നോട് ഇരിക്കാൻ ആംഗ്യം കാണിച്ചു. ഞാൻ ഇരുന്നു കഴിഞ്ഞപ്പോൾ അച്ചനു പോകാൻ തിടുക്കമുണ്ടോയെന്നു ചോദിച്ചു. എനിക്കു തിടുക്കമില്ലെന്നു പറഞ്ഞു. എന്റെ കുമ്പസാരം കേട്ടു പാപമോചനം തരാമോ എന്നു ചോദിച്ചു. തീർത്തും അപ്രതീക്ഷിതമായ ചോദ്യം. കേവലം ഒരു കൊച്ചച്ചനായ ഞാൻ ഈ വലിയ മനുഷ്യനെ കുമ്പസാരിപ്പിക്കാൻ എന്തു യോഗ്യത എന്ന ചിന്ത ഉള്ളിലുണ്ടായി. ആ അവിവേക ചിന്തയാൽ "കുമ്പസാരക്കാരൻ വന്നിട്ടു കുറേനാളായോ" എന്നു അറിയാതെ ചോദിച്ചുപോയി. എന്റെ മുഖത്തെ അമ്പരപ്പും ചോദ്യത്തിന്റെ പൊരുളും അറിഞ്ഞു തന്നെ ചെറുപുഞ്ചിരിയോടെ പിതാവ് പറഞ്ഞു: "പയ്യപ്പിള്ളിയച്ചാ, കുമ്പസാരിച്ചിട്ടു അധികമായില്ല. പഴുത്ത ഇല എപ്പോൾ വേണമെങ്കിലും ഞെട്ടറ്റു താഴെ വീഴാം. ആകയാൽ ഒരുങ്ങിയിരിക്കേണ്ടേ." എല്ലാം പിടികിട്ടി. ഞാൻ പിതാവിന്റെ കുമ്പസാരം കേട്ടു. പോരുന്നതിനു മുമ്പ് ആ പുണ്യപിതാവിന്റെ മുമ്പിൽ മുട്ടുകുത്തി ആശീർവ്വാദം സ്വീകരിച്ചു. ഏതാനും മാസങ്ങൾക്കുശേഷം പിതാവ് പരലോക പ്രാപ്തനായി. ഇപ്രകാരം തന്റെ നിത്യയാത്രയ്ക്കുവേണ്ടി ആത്മാവിനെ ഒരു ക്കി നിറുത്തി മരണത്തെ കാത്തിരുന്നു സ്വീകരിച്ച ഈ പുണ്യാത്മാവ് സ്വർഗ്ഗപിതാവിനോടുകൂടി സ്വർഗ്ഗത്തിൽ വാഴുന്നു എന്നു ഞാൻ വിശ്വസിക്കുന്നു.

*സത്യദീപം*, 2021 ഫെബ്രുവരി 10

# METROPOLITAN TRIBUNAL

## Annual Report of Marriage Cases in 2020

**First Instance Cases**

| | | |
|---|---|---|
| Cases pending at the beginning of the year 2020 | : | 20 |
| Cases introduced in 2020 | : | 54 |
| Total Cases to be disposed | : | 74 |

Number of sentences given as per the grounds below:

| | Affirmative |
|---|---|
| Error of quality (can. 820 §2) | 17 |
| Fraud (can. 821) | 13 |
| Partial simulation - Intention against fidelity (can. 824 §2) | 4 |
| Partial simulation - Intention against *Bonum coniugum* (can. 824 §2) | 1 |
| Force or grave fear (can. 825) | 20 |
| Conditional consent (can. 826) | 1 |

| | | |
|---|---|---|
| Total affirmative sentences | : | 56 |
| Cases dismissed | : | 5 |
| Total cases disposed | : | 61 |
| Cases pending at the end of the year 2020 | : | 13 |

**Fr. Dr. James Pereppadan**

**Vicar Judicial**

# അഭിവന്ദ്യ പാറേക്കാട്ടിൽ പിതാവിന്റെ

## 34 –ാം ചരമവാർഷികം

### ഫെബ്രുവരി 20 ശനിയാഴ്ച



ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ **കർദിനാൾ ജോസഫ് പാറേക്കാട്ടിൽ** പിതാവിന്റെ ചരമവാർഷിക ദിനമായ ഫെബ്രുവരി 20–ാം തീയതി രാവിലെ 6.30–ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. ജനങ്ങളെ മുൻകൂട്ടി അറിയിച്ചുകൊണ്ട് നമ്മുടെ എല്ലാപള്ളികളിലും പിതാവിനുവേണ്ടി അന്നേദിവസം വിശുദ്ധ കുർബാനയും ഒപ്പീസും നടത്തേണ്ടതാണ്.

**ഫാ. ഹൊർമീസ് മൈനാട്ടി**
**സിഞ്ചെല്ലൂസ്**

# കച്ചേരിക്കാര്യം

## 1) വിഭൂതി ആചരണം

കോവിഡിന്റെ പശ്ചാത്തലത്തിൽ, റോമിലെ ആരാധനക്രമങ്ങൾക്കു വേണ്ടിയുള്ള തിരുസംഘം നൽകിയിട്ടുള്ള വിഭൂതി ആചരണത്തിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശം താഴെ കൊടുക്കുന്നു.

*'മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്കുതന്നെ മടങ്ങുന്നു...'* എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലി, കാർമ്മികൻ ഭസ്മം വെഞ്ചരിക്കുന്നു. തുടർന്ന്, വിശ്വാസികളുടെ നെറ്റിയിൽ കുരിശുവരയ്ക്കുന്നതിനു പകരമായി ശിരസ്സിൽ ഒരു നുള്ള് ഭസ്മം ഇടേണ്ടതാണ്.

ഇപ്പോഴത്തെ പശ്ചാത്തലത്തിൽ കോവിഡ് നിയന്ത്രണങ്ങൾ പാലിച്ച്, മേൽപറഞ്ഞ വിധത്തിൽ വിഭൂതി ആചരണം നടത്താവുന്നതാണ്. അല്ലെങ്കിൽ ഉചിതമായരീതിയിൽ ഭസ്മം വെഞ്ചരിക്കുകയും വെഞ്ചരിച്ച ഭസ്മം ജനങ്ങൾക്കു കൊടുത്തുവിടുകയും ചെയ്യാവുന്നതാണ്.

## 2) തെരഞ്ഞെടുപ്പ്

കോവിഡ് പ്രതിസന്ധിമൂലം പല ഇടവകകളിലും വിവിധ തെരഞ്ഞെടുപ്പുകൾ യഥാസമയം നടത്തുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യം പരിഗണിച്ചാണ് പ്രതിനിധിയോഗത്തിന്റെയും, കുടുംബയൂണിറ്റ് ഭാരവാഹികളുടേയും കാലാവധി 2021 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നൽകിയത് (*എറണാകുളം മിസ്സം*, 2020 ഒക്ടോബർ, പേജ് 15). ടി കാലാവധി അവസാനിക്കാറായതിനാൽ, എത്രയുംവേഗം പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത് മെയ് ആദ്യ വാരത്തിൽതന്നെ സത്യപ്രതിജ്ഞ ചെയ്യിക്കാനുള്ള നടപടികൾ ബ. അച്ചന്മാർ കൈക്കൊള്ളേണ്ടതാണ്.

സർക്കാർ അനുശാസിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്, ഓരോ യൂണിറ്റിന്റേയും കുടുംബനാഥ/നാഥൻ/വോട്ടവകാശമുള്ളവരുടെ യോഗം പള്ളിയിൽ വിളിച്ചുചേർത്തോ, രഹസ്യബാലറ്റുകൾ നൽകിയോ അതിരൂപതാ നിയമസംഹിതയ്ക്കു വിധേയമായി തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതാണ്.

ഫാ. ഹോർമിസ് മൈനാട്ടി
സിഞ്ചെല്ലൂസ്, എറണാകുളം-അങ്കമാലി അതിരൂപത

# Transfers/Appointments

## (Already effected)

**Rev. Fathers**

### November 2020

| | |
|---|---|
| Kanjirakattukari Peter (Saneesh) | Archdiocesan Finance Council-Member |
| Panthiruparayil Thomaskutty CST | Help - Mookkannoor Forane Church |

### December 2020

| | |
|---|---|
| Kallookkaran Vimal (Paul) RCJ | Kavaraparambu Asst. |
| Parekadan Sinson OFM Cap. | Muttam Asst. |
| Vattakunnel Joseph VC | Relieved - Chaplain, M.A.J. Hospital, Edappally |

### January 2021

| | |
|---|---|
| Champlanickal Arun SDB | Vimalagiri Asst. |
| Elambasseril Vipin (Thomas) SDB | Valluvally Asst. |
| Koluthuvally Raphael (Jaison) | Evangelization Dir. & DCMS Dir. (Addl.) |
| Moonjely Augustine (Anu) | Relieved - Evangelization Dir., DCMS Dir. |
| Njanakkal Augustine (Nideesh) | Relieved - Lisie Hospital Spiritual Dir. |

### January 30, 2021 (Assistants)

| | |
|---|---|
| Appadan Antony (Akhil) | Aluva |
| Arampilly Paul (Jismon) | Thuravoor North |
| Cheerakathil Thomas (Sinto) | Mookkannoor |
| Chethimattam Abraham (Ginu) | Pulluvazhy |
| Chirackal Manavalan Joseph (Jiril) | Asst. Dir Chittoor Snehashrushalayam |

| | |
|---|---|
| Chirackal Xavier (Abin) | Kokkunnu |
| Edassery Antony (Akhil) | Koodalappad |
| Edassery Antony (Darvin) | Relieved - Private Secretary |
| Enchakattumannil Mathew (Jessab) | Thripunithura |
| Kachirackal Mathew (Martin) | Ezhupunna |
| Kadookunnel John (Sony) | Study (Rome) |
| Kalapurackal Joseph (Abin) | Malayattoor |
| Kavalippadan Varkey (Jithin) | Parur-Kottakavu |
| Koikkara Antony (Binto) | Konthuruthy |
| Kottoor Jose (Freddy) | Chunangamvely |
| Kurickavelichira Antony (Jithu) | Karukutty |
| Madappadan Varghese (Geo) | Elamkulam |
| Maliyekkal Antony (Tony) | Kizhakkambalam |
| Manayampilly Sebastian (Sibin) | Angamaly |
| Manickathan Xavier (Dino) | Study (Paris) |
| Mekkanthuruthil Alex | Thirumudikkunnu |
| Menachery Varghese (Akhil) | Kuttipuzha |
| Mulavarickal Varghese (Bibin) | Muttam |
| Naduvathusery Antony | Asokapuram |
| Odanattu Raphael (Amal) | Kanjoor |
| Padayattil Chacko (Jinto) | Asst. Dir. Family Apostolate |
| Padinjarepallattil Joseph | Office & Private Secretary (Relieved - Basilica, Ekm.) |
| Palamoottil George (Pradeesh) | Naduvattom |
| Panatt Xavier (Binoy) | Meloor |
| Panavelil James | Puthenpally |
| Parecattil Paul (Sifil) | Edakkunnu |
| Pozholiparambil Jacob (Jeff) | Thalayolaparambu |
| Thekkinedath Joseph (Petson) | Pallippuram |
| Thelekatt George (Aneesh) | Asst. Dir. Lisie Hospital |
| Therully Thomas (Arun) | Aimury |

| | |
|---|---|
| Thettayil Antony (John Paul) | Elavoor Kunnel |
| Thettayil George (Charles) | Basilica Ekm. |
| Thettayil Jacob (Jeslin) | Cheranalloor East |
| Thyparambil Antony (John) | Edappally |
| Vadakkan Joseph (Jose) | Koratty |
| Vadakkumchery Paul (Lijoy) | Narakkal |
| Varikkattupadam Mathew (Vinil) | Manjapra |
| Vattakkara James (Jomish) | Vallam |
| Vellattuparambil Varghese (Praveen) | Vaikom |

**RELIGIOUS**

| | |
|---|---|
| Airukattu Nithin CMI | Relieved - Koodalapad |
| Champlanikal Arun SDB | Vimalagiri (Jan. 24 – May 20, 2021) |
| Chittattukarakkaran Benjo SDV | Relieved - Poonithura |
| Elambasseril Vipin (Thomas) SDB | Valluvally (Jan. 20 – May 20, 2021) |
| Kalapurackal Bobin CMI | Kalamassery |
| Kalpakasseril Mathew Daniel HGN | Relieved - Ezhupunna |
| Kolenchery Naibin CMI | Palarivattam |
| Malakkaran Tomy OFM. Conv. | Relieved - Chittoor Retreat Centre |
| Manickathan Shelbin Isch | Poonithura |
| Tharappel Iphence T. Jose MSsCc | Muringoor |
| Thattathuparambil Rubin (Mandya) | Kidangoor |
| Thekkoodan Johnson CMI | Relieved - Kidangoor |
| Thombiyil Shinto SDV | Mattoor |
| Vadakumchery Anoop CMI | Kudavechoor |
| Vattoly Mejit CMI | Relieved - Kalamassery |
| Vettukattil Francis MCBS | Relieved - Kalady |

**Chancellor**

# *New Office-Bearers*

## Sisters of Destitute (SD), Chunangamvely
**Aluva**

### General Team

| | | |
|---|---|---|
| Superior General | - | Sr. Liss Grace Ayrookaran SD |
| Education Ministry & Vicar General | - | Sr. Cicil Jose Padipurackal SD |
| Medical Ministry | - | Sr. Tharaka Kachira SD |
| Social Ministry | - | Sr. Pouline Therese Pemala SD |
| Mission & Evangelization | - | Sr. Francia Avarapattu SD |
| Finance Ministry | - | Sr. Jancita Thanippilly SD |
| Auditor General | - | Sr. Geo Mary Thayil SD |

## Sisters of St. Joseph of Saint-Marc (SJSM)
**Sanjo Province, Vengoor**

### Provincial Team

| | | |
|---|---|---|
| Provincial Superior | - | Sr. Lilly Payyappilly SJSM |
| Vice Provincial | - | Sr. Alice Kolencherry SJSM |
| Councilors: | - | Sr. Elsa Mathew SJSM |
| | - | Sr. Shali Antony SJSM |
| | - | Sr. Annies Payyappilly SJSM |

***Congratulations and Prayerful Wishes to the New Office-Bearers***



# നിര്യാതരായി



## ഫാ. മാത്യു പൈനുങ്കൽ

**ജനനം: 26-01-1942**
**തിരുപ്പട്ടം: 16-12-1967**
**മരണം: 08/01/2021**

ബ. പൈനുങ്കൽ മാത്യു അച്ചൻ 1942 ജനുവരി 26 -ാം തീയതി കണ്ടനാട് ഇടവകയിലെ പൈനുങ്കൽ അവിര-മറിയാമ്മ ദമ്പതികളുടെ ആറ് മക്കളിൽ ഒരാളായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസജീവിതത്തിൽ വളർന്ന അച്ചൻ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന്, ആലുവ കാർമ്മൽഗിരി-മംഗലപ്പുഴ സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1967 ഡിസംബർ 16-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ വൈക്കം, തൈക്കാട്ടുശ്ശേരി ഇടവകകളിൽ സഹവികാരിയായും തുടർന്ന്, ഫോർട്ട് കൊച്ചി, വല്യാറ, കോക്കുന്ന്, മാണിക്കമംഗലം, പെരുമാനൂർ, കാഞ്ഞൂർ, എടനാട്, എളംകുളം, പെരുമ്പാവൂർ, തോപ്പിൽ, ചേരാനല്ലൂർ വെസ്റ്റ്, കുമ്പളം, കൊങ്ങോർപ്പിള്ളി, പല്ലംതുരുത്ത്, അമ്പുനാട്, ചെത്തിക്കോട് എന്നീ ഇടവകകളിൽ വികാരിയായും കൊറ്റമം, അങ്കമാലി, പള്ളിപ്പുറം എന്നീ ഇടവകകളിൽ റസിഡന്റ് പ്രീസ്റ്റായും അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. 2020 ഫെബ്രുവരി മാസം മുതൽ തൃക്കാക്കര വിജോഭവനിൽ വിശ്രമ ജീവിതം നയിച്ച ബ. പൈനുങ്കലച്ചൻ വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്ന് 79-ാം വയസ്സിൽ, 2021 ജനുവരി 08-ാം തീയതി, വെള്ളിയാഴ്ച വൈകുന്നേരം 7.30-ന് സ്വഭവനത്തിൽവച്ച് ഈ ലോകത്തോട് വിടപറഞ്ഞ് സ്വർഗീയ പിതാവിന്റ വസതിയിലേക്ക് യാത്രയായി.

ബ. മാത്യു പൈനുങ്കൽ അച്ചന്റെ മൃതദേഹസംസ്കാരകർമ്മങ്ങളുടെ മൂന്നാം ഭാഗത്ത് അഭിവന്ദ്യ ആന്റണി കരിയിൽ പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മാത്യു പൈനുങ്കലച്ചന്റെ കുടുംബക്കാരായ ബ. ഐസക് ഡാമിയൻ പൈനുങ്കൽ, ജോസ് പൈനുങ്കൽ, വർഗീസ് പൈനുങ്കൽ, ജോൺ പൈനുങ്കൽ എന്നീ വൈദികരും പിതാവിനോടൊപ്പം മദ്ബഹയിൽ സഹകാർമ്മികരായിരുന്നു. വികാരി ജനറാൾമാരായ പെ. ബ. ഹൊർമീസ്

മൈനാട്ടിയച്ചനും, ജോസ് പുതിയേടത്ത് അച്ചനും, ജോയ് അയിനിയാടനച്ചനും അനേകം വൈദികരും തിരുകർമ്മങ്ങളിൽ പങ്കെടുത്തു. പൈനുങ്കലച്ചന്റെ ജീവിതലാളിത്യവും അജപാലന ഔത്സുക്യങ്ങളും ലളിത ജീവിതവും പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള പ്രതിപത്തിയും അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് വി. കുർബാനമദ്ധ്യേ അനുസ്മരിച്ചു. പ്രാർത്ഥനയുടെയും, സൗഹൃദത്തിന്റെയും, ലാളിത്യത്തിന്റെയും സുകൃതജീവിതത്തിന്റെയും ശൈലിയിലൂടെ മാത്യു പൈനുങ്കൽ അച്ചൻ നിർവ്വഹിച്ച പൗരോഹിത്യശുശ്രൂഷ വഴി സഭയ്ക്കും സമൂഹത്തിനും ഏറ്റവും അധികമായി നമ്മുടെ അതിരൂപതയ്ക്കും ദൈവം നൽകിയ അനുഗ്രഹങ്ങളെയോർത്ത് അഭിവന്ദ്യ പിതാവ് ദൈവത്തിന് നന്ദി പറഞ്ഞു.

മോൺസിഞ്ഞോർ ആന്റണി നരികുളം അച്ചനാണ് വചനസന്ദേശം നൽകിയത്. അച്ചന്റെ അവസാന ദിവസങ്ങളെ വിജോഭവൻ ഡയറക്ടർ എന്ന നിലയിൽ ആന്റണിയച്ചൻ അടുത്തുനിന്ന് വീക്ഷിച്ചത് സ്മരിച്ചുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. മാത്യു അച്ചന് ദർശനമുണ്ടായി. ദൈവികദർശന പ്രകാരം ദൈവത്തിന്റെ പക്കലേക്ക് വരാനുള്ള സമയമായി എന്ന് മാത്യു അച്ചന് പൂർണ്ണബോധ്യമായി. ദർശനത്തിൽ, താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച തന്റെ ഇടവകജനത്തെ അച്ചൻ കണ്ടു. ഇതിനുശേഷം ഈ ദർശനം വിജോഭവനിലെ അച്ചന്മാരോടും സിസ്റ്റേഴ്സിനോടും മാത്യു അച്ചൻ പങ്കുവച്ചു. ശേഷം വീട്ടിൽ കിടന്നു മരിക്കണം എന്ന ആഗ്രഹം പങ്കുവച്ചുകൊണ്ട് നല്ല മരണത്തിനായി ഒരുങ്ങി. എല്ലാ പ്രാർത്ഥനകളും ചൊല്ലി രോഗീലേപനം സ്വീകച്ചു. 'നന്ദിയല്ലാതെ എന്ത് ചെയ്യും ദൈവമേ' എന്ന ഗാനം അച്ചൻ പാടി. എല്ലാവരും ആദരിക്കുന്ന എല്ലാവരും സ്നേഹിക്കുന്ന എറണാകുളത്തെ 460 അച്ചന്മാരിൽനിന്ന് 10 പേരെ തെരഞ്ഞെടുത്താൽ അതിൽ മാത്യു അച്ചൻ ഉണ്ടാകുമെന്നും ഒരു പരാതിക്കും ഇട കൊടുക്കാതെ ജീവിക്കാനായി എന്നതും അച്ചന്റെ ഭാഗ്യപ്പെട്ട ജീവിതത്തിന്റെ അടയാളമാണെന്നും നരികുളം അച്ചൻ സാക്ഷ്യം നൽകി.

ബ. മാത്യു അച്ചൻ ഒരിടയനെന്ന നിലയിൽ അതിരൂപതാ വൈദികർക്കെല്ലാവർക്കും മാതൃകയായിരുന്നു. മാത്യു അച്ചനെപ്പോലെ ജനസമ്പർക്കമുള്ള ഒരു വൈദികൻ സ്വാഭാവികമായും വളരെ സന്തോഷവാനായിരിക്കും. 53 വർഷത്തിനിടെ 20 പള്ളികളിലായി ഏകദേശം, 40,000 എങ്കിലും വ്യക്തികളുമായി വ്യക്തിബന്ധം സ്ഥാപിച്ചിട്ടുണ്ട്. ഈ ബന്ധമാണ് വൈദികരെ സന്തോഷവാന്മാരാക്കുക. ഈ സന്തോഷത്തിൽ നിറഞ്ഞ് മാത്യു അച്ചൻ പറയാറുണ്ടായിരുന്നു. ഞാൻ എന്റെ ജനത്തെ സ്നേഹിച്ചു; അവർ എന്നേയും സ്നേഹിച്ചു. പലരേയും നല്ല ക്രിസ്ത്യാനികളാക്കിയതും ദൈവവിശ്വാസിയാക്കിയതും അച്ചന്റെ വ്യക്തിബന്ധംകൊണ്ടാണ്. അങ്ങനെ അദ്ദേഹം ആടുകളുടെ മണമുള്ള ഇടയനായി.

കുടുംബാംഗങ്ങൾ വളരെ സ്നേഹത്തോടെയാണ് അച്ചനെ വീട്ടിൽ സ്വീകരിച്ചിരുന്നത്.

ജെറ. 1.5 "നീ നിന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനുമുൻപേ ഞാൻ നിന്നെ വിളിച്ചിരുന്നു." അച്ചന്റെ വില്പത്രം ആരംഭിക്കുന്നത് ഇങ്ങനെയാണ്. 79-ാം വയസ്സുവരെ ആ ബോധ്യത്തിൽനിന്നാണ് ജനങ്ങളുമായുള്ള ബന്ധത്തിൽ അദ്ദേഹം ജീവിച്ചത്. വില്പത്രത്തിൽ അദ്ദേഹം പറഞ്ഞു. ബാങ്കിൽ എന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ അത് പാവപ്പെട്ടവർക്ക് നൽകണം. ഫ്രാൻസിസ് പാപ്പയുടെ തെരഞ്ഞെടുപ്പ് സമയത്ത്, ബർഗോളിയോയുടെ സമീപത്തിരുന്ന കർദിനാൾ ഇങ്ങനെ പറഞ്ഞു; 'പാവങ്ങളെ മറക്കരുത്.' മാത്യു അച്ചന് തന്റെ സംസ്ക്കാര ചടങ്ങ് ലളിതമായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. ബാന്റും കുരിശും വേണ്ട. ലളിതമായി കടന്നുപോകണം. ജോസഫ് പാറേക്കാട്ടിൽ പിതാവിനേയും, സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിനേയും സ്മരിച്ചുകൊണ്ടാണ് വില്പത്രം അച്ചൻ അവസാനിപ്പിച്ചിരിക്കുന്നത്. അതിരൂപതയിലെ മെത്രാന്മാരോടും വൈദികരോടും ജനങ്ങളോടും അദ്ദേഹം അഗാധമായ സ്നേഹബന്ധം പുലർത്തിയിരുന്നു.

ഓർമ്മയുടെ പുസ്തകമാണ് ബൈബിൾ. ജലപ്രളയത്തിൽ ദൈവം നോഹയെ ഓർത്തു. സോദോം-ഗൊമോറ നശിപ്പിക്കപ്പെട്ടപ്പോൾ ദൈവം ലോത്തിനെ ഓർത്തു. അച്ചനെ ദൈവം ഓർക്കും. മാത്യു പൈനുങ്കൽ അച്ചന് മാതൃകാപരമായ വൈദികജീവിതം നയിച്ചതിന് നന്ദി. പാവങ്ങളോട് കരുണകാണിച്ച് ഇങ്ങനെയാണ് ക്രിസ്തീയ ജീവിതം നയിക്കുന്നതെന്ന് നമ്മളെ പഠിപ്പിച്ചതിന് നന്ദി എന്ന് പറഞ്ഞാണ് നരികുളം അച്ചൻ പ്രസംഗം അവസാനിപ്പിച്ചത്.

ബ. മാത്യു പൈനുങ്കലച്ചന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷകളുടെ സമാപന കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പിതാവാണ്. അച്ചനിലൂടെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു ലഭിച്ച ദൈവകൃപകളെ ആലഞ്ചേരി പിതാവ് നന്ദിയോടെ സ്മരിച്ചു.

53 വർഷക്കാലം പുരോഹിതനെന്നനിലയിൽ അനേകർക്ക് ക്രിസ്തുവിനെ വിളമ്പിക്കൊടുത്ത പൈനുങ്കലച്ചനെപ്രതി ദൈവത്തിന് നമുക്ക് നന്ദിപറയാം. അദ്ദേഹത്തിന്റെ ഗാംഭീര്യമുള്ള പ്രസംഗങ്ങളും വ്യക്തമായ അഭിപ്രായങ്ങളും ലളിതമായ ജീവിതവും നമ്മുടെ ജീവിതത്തിൽ തുടർന്നുകൊണ്ട് മാത്യു അച്ചന്റെ ഓർമ്മ നമുക്കു നിലനിർത്താം. മണ്ണിലേക്ക് മറഞ്ഞെങ്കിലും ആ മഹനീയ സാന്നിദ്ധ്യത്തിന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!

■

## സി. ദാന മരിയ C.M.C.



ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം.

ജനനം : 17/12/1974
വ്രതവാഗ്ദാനം : 08/01/2000
മരണം : 17/01/2021

## സി. എലിസബത്ത് C.M.C.



സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ

ജനനം : 14/11/1940
വ്രതവാഗ്ദാനം : 28/05/1969
മരണം : 14/01/2021

## സി. റിറ്റ മാത്യു F.C.C.



കൃപസദൻ, കൈപ്ര, ശ്രീമൂലനഗരം.

ജനനം : 07/09/1957
വ്രതവാഗ്ദാനം : 24/05/1982
മരണം : 05/01/2021

## സി. മരീന മാളിയേക്കൽ S.D.



പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

ജനനം : 27/09/1926
വ്രതവാഗ്ദാനം : 06/01/1948
മരണം : 27/12/2020

## സി. പീറ്റർ ക്ലവർ C.M.C.



ചാവറ സദൻ, കൈപ്ര, ശ്രീമൂലനഗരം.

ജനനം : 1/11/1937
വ്രതവാഗ്ദാനം : 1/5/1958
മരണം : 12/12/2020

# A I C O
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഡിസംബർ 9 | നൈപുണ്യ ഇന്റർനാഷണൽ, എറണാകുളം |
| ഡിസംബർ 10 | നൈപുണ്യ ചാരിറ്റബിൾ സൊസൈറ്റി |
| ഡിസംബർ 19 | എറണാകുളം ആർച്ച്ഡയോസീഷൻ പബ്ലിക്കേഷൻ ട്രസ്റ്റ് |
| ഡിസംബർ 21 | സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ്, കോളങ്ങായ് |
| ഡിസംബർ 22 | ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ്, തൃക്കാക്കര |
| ഡിസംബർ 28 | നൈമെയ്ഡ്സ് വെൽഫെയർ ഫൗണ്ടേഷൻ, പൊങ്ങം |

**കൺസ്ട്രക്ഷൻ കമ്മിറ്റി/സൈറ്റ് മീറ്റിംഗ്**

| | |
|---|---|
| ജനുവരി 05 | ഭാരത മാതാ ഇൻസ്റ്റിറ്റുട്ട് ഓഫ് മാനേജ്മെന്റ്, തൃക്കാക്കര |
| ജനുവരി 8 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ജനുവരി 13 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജനുവരി 20 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |

കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1958 പ്രകാരമുള്ള 2021 വർഷത്തിൽ നൽകേണ്ട ഒഴിവു ദിനങ്ങളുടെ ലിസ്റ്റ് എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഇ-മെയിൽ മുഖാന്തരം അയച്ചു കൊടുത്തു.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

വാർത്തകളും വിശേഷങ്ങളും

## അൾത്താര ശുശ്രൂഷയ്ക്കും ബൈബിൾ വായനയ്ക്കും വനിതകൾക്ക് കാനോനിക്കൽ അനുമതി

അൾത്താരകളിൽ ബൈബിൾ വായിക്കാനും തിരുക്കർമ്മങ്ങളിൽ സഹായിക്കാനും വനിതകളെ അനുവദിക്കുന്ന തരത്തിൽ കാനൻ നിയമത്തിൽ ഫ്രാൻസിസ് മാർപാപ്പ ഭേദഗതി വരുത്തി. ഇതു സംബന്ധിക്കുന്ന ലത്തീൻ കാനൻ നിയമത്തിലെ (230,1) അല്മായ പുരുഷന്മാർ എന്ന പ്രയോഗം അല്മായ വ്യക്തികൾ എന്നു തിരുത്തുകയാണു മാർപാപ്പ ചെയ്തത്. 2021 ജനുവരി 11-ാം തീയതി പ്രസിദ്ധപ്പെടുത്തിയ Spiritus Domini (കർത്താവിന്റെ അരൂപി) എന്ന രേഖയിലൂടെയാണ് ഈ മാറ്റം കൊണ്ടുവന്നത്.

ഇപ്പോഴും മിക്ക രൂപതകളിലും വനിതകൾ ബൈബിൾ വായിക്കുകയും അൾത്താര ശുശ്രൂഷികളാകുകയും ചെയ്യുന്നുണ്ട്. അതു പക്ഷേ അതതു രൂപതാ മെത്രാന്മാരുടെ പ്രത്യേക അനുമതിയോടെ ആണ്. പ്രാദേശികമായ പ്രത്യേക അനുമതി ആവശ്യമില്ലാത്ത തരത്തിൽ കാനോൻ നിയമത്തിലൂടെ തന്നെ ഇത് സാർവത്രികമാക്കുകയാണ് മാർപാപ്പ ഇപ്പോൾ ചെയ്തിരിക്കുന്നത്.

ജ്ഞാനസ്നാനത്തിലൂടെ ലഭ്യമാകുന്ന രാജകീയ പൗരോഹിത്യത്തിന്റെ അടിസ്ഥാനത്തിലുള്ള അല്മായശുശ്രൂഷകൾ സ്ത്രീ, പുരുഷ ഭേദമില്ലാതെ അനുയോജ്യരായ എല്ലാ അല്മായരെയും ഭരമേൽപിക്കേണ്ടതുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ വിശദീകരിച്ചു. എന്നാൽ, ഇത് വനിതാ പൗരോഹിത്യത്തെ സംബന്ധിച്ച സഭാനിലപാടിൽ മാറ്റമൊന്നും വരുത്തുന്നില്ല. അഭിഷിക്ത ശുശ്രൂഷകളും അനഭിഷിക്ത ശുശ്രൂഷകളും തമ്മിലുള്ള വ്യത്യാസം മാർപാപ്പ വ്യക്തമാക്കുന്നുണ്ട്. അനഭിഷിക്ത ശുശ്രൂഷകൾ ഏൽപിക്കുന്നതിൽ സ്ത്രീ-പുരുഷ വിവേചനം ഒഴിവാക്കുക എന്നതാണു ലക്ഷ്യം. പരമ്പരാഗതമായി അനഭിഷിക്ത ശുശ്രൂഷകളും പുരുഷന്മാർക്കു മാത്രമാണ് നൽകപ്പെട്ടിരുന്നത്. തിരുപ്പട്ടത്തിനു മുന്നോടിയായി ഇവ കരുതപ്പെട്ടിരുന്നതിനാലാണ് അത്.

# വിശ്വാസപരിശീലനകേന്ദ്രം

1) പത്താംക്ലാസ്സ് സർട്ടിഫിക്കറ്റ് പരീക്ഷ, ഒന്നാംവർഷ ഡിപ്ലോമ, രണ്ടാംവർഷ ഡിപ്ലോമ കുട്ടികളുടെ വാർഷികപരീക്ഷ ജനുവരി 31-ാം തീയതി ഓരോ ഇടവക വികാരിമാരുടെയും പ്രധാനാധ്യാപകൻ/പ്രധാനാധ്യാപികയുടെയും നേതൃത്വത്തിൽ നടക്കുകയുണ്ടായി.

2) ഫെബ്രുവരി 7-ാം തീയതി രണ്ടാംവർഷ ഡിപ്ലോമ കുട്ടികളുടെ വിശ്വാസപ്രഖ്യാപന ദിനം.

3) ഫെബ്രുവരി 14-ാം തീയതിക്കകം രണ്ടാംവർഷ ഡിപ്ലോമ കുട്ടികളുടെ ഒന്ന് മുതൽ ആറ് വരെയുള്ള അദ്ധ്യായങ്ങളുടെ സമ്മറിയുടെയും (മാർക്ക് 30 ൽ) വാർഷികപരീക്ഷയുടെയും (മാർക്ക് 50 ൽ) പത്താംക്ലാസ്സിലെ സർട്ടിഫിക്കറ്റ് പരീക്ഷയുടെയും (മാർക്ക് 40 ൽ) മാർക്ക് ലിസ്റ്റുകൾ ഫൊറോനയിൽ എത്തിക്കേണ്ടതാണ്.

4) Std. I-IX ക്ലാസ്സുകാർക്ക് റിവിഷൻ ക്ലാസ്സ്. അദ്ധ്യാപകർ നേരിട്ടോ സോഷ്യൽ മീഡിയ ഉപയോഗിച്ചോ കുട്ടികളുമായി contact ചെയ്യുന്നു.

5) ഫെബ്രുവരി 21-ാം തീയതി Std. I-IX ക്ലാസ്സുകാർക്കുള്ള വാർഷികപരീക്ഷ (10.30 a.m. - 12.30 p.m.)

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

- അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും സാധ്യതാചോദ്യങ്ങൾ ഓൺലൈനിൽ നൽകുന്നതാണ്.
- ഈ വർഷത്തെ പ്രത്യേകസാഹചര്യം കണക്കിലെടുത്ത് വാർഷിക പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ അതത് ഇടവകകളിലാണ് തയ്യാറാക്കേണ്ടത്. പരീക്ഷ നടത്തേണ്ടവിധവും സമയക്രമവും വികാരിയച്ചൻമാരുടെ നേതൃത്വത്തിൽ കാറ്റിക്കിസം സ്റ്റാഫുമായി കൂടിയാലോചിച്ച് നടപ്പിലാക്കാവുന്നതാണ്.

- ഇടവകയിൽ പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തി മാർക്ക്, ഇന്റേണൽ അസ്സസ്മെന്റ്, ഹാജർ, എന്നിവ caticorp-ൽ രേഖപ്പെടുത്തേണ്ടതാണ്.
- ഈ വർഷം അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നും സ്കോളർഷിപ്പുകൾ നൽകുന്നതിനുള്ള അസൗകര്യം ഉണ്ടെന്ന് അറിയിക്കുന്നു.

6) ഫെബ്രുവരി 18-ാം തീയതി ഫൊറോന ഡയറക്ടേഴ്സിന്റെ മീറ്റിംഗ്

7) **ഏവൻഗെലിയോൻ മെഗാ ഗോസ്പൽ ക്വിസ്:**

ജനുവരി 6-ാം തീയതി വി. മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള രണ്ടാമത്തെ എപ്പിസോഡിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സമ്മാനർഹരായവർക്ക് അഭിനന്ദനങ്ങൾ. സമ്മാനർഹരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. **Ajish John Vattakara**
   St. James' Church, Paloothara — **1st Prize Rs. 1001**

2. **Floreen M. D. Mulavarickal**
   St. Joseph's Church, Pothiyakkara — **2nd Prize Rs. 701**

3. **Anna Paul Puthuva**
   St. Augustine's Church, Pazhanganad — **3rd Prize Rs. 501**

ക്വിസിന്റെ നിർദ്ദേശങ്ങൾ എറണാകുളം മിസ്സത്തിലൂടെ (ഡിസംബർ, പേജ് 33-35) നൽകിയിട്ടുണ്ട്.

ഫെബ്രുവരി 6-ാം തീയതിയാണ് വി. ലൂക്കായുടെ സുവിശേഷത്തെ ആസ്പദമാക്കിയുള്ള മൂന്നാമത്തെ എപ്പിസോഡ്.

**ക്വിസ് നടക്കുന്നത് ശനിയാഴ്ച വൈകിട്ട് 8.00 മണിക്ക് ആയിരിക്കും.**

| തീയതി | ശനിയാഴ്ച | സുവിശേഷം | പ്രോഗ്രാം |
|---|---|---|---|
| ഫെബ്രുവരി 6 | Episode- 3 | വി.ലൂക്കാ | ക്വിസ്സ് |
| ഫെബ്രുവരി 13 | Episode- 3 | വി. ലൂക്കാ | ഉത്തരങ്ങൾ |
| മാർച്ച് 6 | Episode- 4 | വി.യോഹന്നാൻ | ക്വിസ്സ് |
| മാർച്ച് 13 | Episode- 4 | വി. യോഹന്നാൻ | ഉത്തരങ്ങൾ |

8) ജനുവരി 10, 17 തീയതികളിലായി LKG, UKG, Std.- I, II & III ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള നല്ല ശീലങ്ങൾ, 4, 5 ക്ലാസ്സുകാർക്ക് നീർച്ചാലുകൾ എന്ന പേരിൽ കുമ്പസാരം, കുർബ്ബാന എന്നീ ക്ലാസ്സുകൾ, 6, 7, 8 ക്ലാസ്സുകാർക്ക് ലൈംഗിക ബോധവൽക്കരണ ക്ലാസ്സുകൾ (Know Thyself), 9, 10, 11, 12 ക്ലാസ്സുകാർക്ക് മികവ് - ഭാവിയിലെ മികച്ച സാധ്യതകളിലേയ്ക്ക് ഒരെത്തിനോട്ടം - എന്ന കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടത്തുകയുണ്ടായി. ഇതിന് സഹായിച്ച റിസോഴ്സ് ടീമിന് നന്ദിയും കടപ്പാടും അറിയിക്കുന്നു.

9) പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ബുധനാഴ്ചയിൽ നൽകുന്ന Wednesday Catechism മലയാളത്തിൽ Media Catechetical Ministry (MCM)-ൽ സംപ്രേക്ഷണം ചെയ്യുന്ന വിവരം സസന്തോഷം അറിയിക്കുന്നു.

10) വിശ്വാസപരിശീലനവർഷം 2020-21 "സ്നേഹം സർവ്വോൽകൃഷ്ടം" എന്ന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ചിട്ടപ്പെടുത്തിയ ലോഗോയുടെ വിശദീകരണം catechismernakulam YouTube channel-ൽ നൽകിയിട്ടുണ്ട്.

11) കാറ്റിക്കിസം അസംബ്ളി ഗാനം വിഡീയോ ആയി catechismernakulam YouTube channel-ൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

---

## ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2021 February - March

### Marriage Orientation Programme (MOP)

| | | |
|---|---|---|
| Feb 05-06 | Mar05-06 | Mar 26-27 |
| Feb 12 -13 | Mar 12-13 | Mar 29-30 |
| Feb 19 -20 | Mar16-17 | |
| Feb 26 – 27 | Mar23-24 | |

# നിറവ്

'സ്ത്രീ പുരുഷ പൂരകത്വം ദാമ്പത്യ ശ്രേഷ്ഠതയ്ക്ക്' എന്ന വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് 'നിറവ്' എന്ന പേരിൽ സ്ത്രീ-പുരുഷ വ്യത്യസ്ഥതകളെ ദൈവീക ചൈതന്യത്തിൽ ആഘോഷമാക്കുക, പങ്കാളിയുടെ കുറവുകളെ നിറവുകളാക്കി ഉയർത്തി ദാമ്പത്യ ശ്രേഷ്ഠതയിലൂടെ കുടുംബങ്ങളെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തപ്പെടുന്ന ഈ പരിപാടിയിൽ വിവാഹത്തിന്റെ ആദ്യകാലഘട്ടം തൊട്ട് 25 വർഷം വരെ പൂർത്തീകരിച്ചിട്ടുള്ള 50 മുതൽ 75 ദമ്പതികളെയാണ് പ്രതീക്ഷിക്കുന്നത്. ഇടവകകൾ കേന്ദ്രീകരിച്ച് ഓൺ ലൈൻ വഴി നടത്തപ്പെടുന്നു. താല്പര്യമുള്ള ഇടവകകൾ കുടുംബ പ്രേഷിതകേന്ദ്രവുമായി ബന്ധപ്പെടുക. (9961332869 റൂബി ചെറിയാൻ)

## ഓൺ ലൈൻ ദമ്പതിധ്യാനം

ദാമ്പത്യ ബന്ധങ്ങളെ ആഴപ്പെടുത്തുന്നതിന് സഹായകരമാകുന്നതിനു വേണ്ടി അതിരൂപത കുടുംബ പ്രേഷിതകേന്ദ്രം എല്ലാ മാസവും മൂന്നാമത്തെ വെള്ളി ശനി ഞായർ ദിവസങ്ങളിൽ വൈകുന്നേരം 6.00 മണി മുതൽ 9.00 മണി വരെ ഓൺലൈൻ ആയി ദമ്പതി ധ്യാനം നടത്തുന്നു. പങ്കെടുക്കുന്നതിന് താല്പര്യമുള്ള ദമ്പതികൾ ബന്ധപ്പെടുക - 9446335441

## ഫാമിലി ഔവർ

ഫെബ്രു. 13 യൂദിത്ത് ഫോറം

ഫെബ്രു. 21 എം.സി.സി.

ഫെബ്രു. 28 ഗ്രെയ്സ് റിപ്പിൾസ്

## പ്രാർത്ഥനാശംസകളും ഹൃദയം നിറഞ്ഞ നന്ദിയും

കുടുംബപ്രേഷിതകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി സ്തുത്യർഹമായി സേവനം ചെയ്ത് 2021 ജനുവരി 28-ാം തീയതി മുതൽ ഫരിദാബാദ് രൂപതയുടെ ചാൻസലറായും ജനക്പുരി ഇടവകയുടെ വികാരിയുമായി പുതിയ ദൗത്യം ഏറ്റെടുത്തിരിക്കുന്ന റവ. ഫാ. ജോയ്സൺ പുതുശ്ശേരിക്ക് എല്ലാ സേവനങ്ങൾക്കും നന്ദി പറയുന്നതോടൊപ്പം അച്ചന്റെ പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ വിജയാശംകളും പ്രാർത്ഥനകളും നേരുന്നു.

## സ്വാഗതം

അതിരൂപതാ കുടുംബപ്രേഷിതകേന്ദ്രത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി 2021 ജനുവരി 30-ന് ചുമതലയേറ്റ റവ. ഫാ. ജിന്റോ പടയാട്ടിലിന് സ്നേഹപൂർവമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### സഹൃദയ സംഘാംഗങ്ങൾക്ക് സ്വീകരണം

ഇക്കഴിഞ്ഞ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയികളായ 53 സഹൃദയ സംഘാംഗങ്ങൾക്ക് പൊന്നുരുന്നിയിൽ സ്വീകരണം നൽകി. അഭിവന്ദ്യ ആന്റണി കരിയിൽ പിതാവ് ആദ്ധ്യക്ഷ്യം വഹിച്ച സമ്മേളനം കൊച്ചി നഗരസഭാ മേയർ അഡ്വ. എം. അനിൽകുമാർ ഉദ്ഘാടനം ചെയ്തു.

### സഹൃദയയ്ക്ക് വീണ്ടും അംഗീകാരം

സംസ്ഥാന 'ഹരിതകേരള മിഷ'ന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഹരിതകേരള പദ്ധതി നടപ്പാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്ന ഹരിതസഹായ സ്ഥാപനമായി സഹൃദയയ്ക്ക് തുടർപ്രവർത്തനാനുമതി ലഭിച്ചു. നിലവിലുണ്ടായിരുന്ന 36 ഹരിത സഹായ സ്ഥാപനങ്ങളിൽ 17 സംഘടനകൾക്ക് മാത്രമാണ് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനാനുമതി ലഭിച്ചത്.

### തയ്യൽ പരിശീലനം

ഉഷ-സിലായ് സ്കൂളിന്റെ സഹകരണത്തോടെ സഹൃദയ നടപ്പാക്കി വരുന്ന തയ്യൽ പരിശീലന പദ്ധതി പ്രകാരം തൃശൂർ ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട വനിതകൾക്കുള്ള സൗജന്യ പരിശീലനം സംഘടിപ്പിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും സൗജന്യമായി തയ്യൽ മെഷീനും വിതരണം ചെയ്തു.

### ബയോഗ്യാസ് പദ്ധതി

സി.എം.സി. കോൺഗ്രിഗേഷൻ വിമല പ്രൊവിൻസിന്റെ സ്നേഹ ജ്യോതി പദ്ധതിയുമായി സഹകരിച്ച് ടി.വി.പുരം, കൊതവറ, നായരമ്പലം, തിരുവാങ്കുളം, നോർത്ത് പറവൂർ എന്നിവിടങ്ങളിലായി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചു നൽകി.

**സി.ബി.ആർ ഫെഡറേഷൻ നേതൃപരിശീലനം**

വൈപ്പിൻ മേഖലയിലെ 5 പഞ്ചായത്തുകളിലെ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്വയം സഹായ സംഘങ്ങളിലെ ഭാരവാഹികൾക്കായി നേതൃപരിശീലന പരിപാടിയും ഫെഡറേഷൻ രൂപീകരണവും സംഘടിപ്പിച്ചു.

**നബാർഡ് എൽ.ഇ ഡി.പി. പദ്ധതി**

കാലടി മേഖലയിൽ കാർഷിക മേഖലയുടെ പുരോഗതിക്കായി നബാർഡിന്റെ സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്ന എൽ.ഇ. ഡി. പി. പദ്ധതിയുടെ ഭാഗമായി കർഷക കൂട്ടായ്മകൾ സംഘടിപ്പിച്ചു.

**വെസ്കോ ക്രെഡിറ്റ് സ്വയം തൊഴിൽ വായ്പ**

സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രെഡിറ്റ് -ന്റെ നേതൃത്വത്തിൽ സഹൃദയ സ്വയം സഹായ സംഘങ്ങൾ വഴി സ്വയം തൊഴിൽ വായ്പയായി 3.25 കോടി രൂപ വിതരണം ചെയ്തു.

**സോളാർ ഗ്രിഡ് പദ്ധതി**

നീറിക്കോട്, ഭരണങ്ങാനം, പൊന്നുരുന്നി, തൃക്കാക്കര തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ സഹൃദയയുടെ നേതൃത്വത്തിൽ സോളാർ ഓൺ ഗ്രിഡ് സംവിധാനങ്ങൾ സ്ഥാപിച്ചു നൽകി.

**സഹൃദയ കാരുണ്യദൂത് പദ്ധതി**

അവശത അനുഭവിക്കുന്ന രോഗികൾക്കും നിസഹായരായ വിധവകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കും തദ്ദേശീയമായ വിഭവസമാഹരണത്തോടെ സഹായം എത്തിച്ചുനൽകുന്ന ജീവകാരുണ്യ പദ്ധതിയായ 'കാരുണ്യ ദൂത്'-നോട് സഹകരിക്കാൻ സുമനസുള്ളവരെ സ്വാഗതം ചെയ്യുന്നു. നമ്മുടെ ആഘോഷവേളകളിലെ ആർഭാടങ്ങൾ ഒഴിവാക്കുന്നതിലൂടെ സമാഹരിക്കുന്ന തുക പാവങ്ങൾക്കായി ചെലവഴിക്കാൻ സഹൃദയ അവസരമൊരുക്കുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

Renewal Centre, Azad Road, Kaloor, Kochi 682017
E-mail: ernakulameducation@gmail.com

## പരീക്ഷ ഒരുക്ക കൗൺസലിംഗ്

അതിരൂപതാ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലെ സ്കൂളുകളിൽ പ്ലസ്ടു, പത്താം ക്ലാസ്സ് പരീക്ഷകൾക്കൊരുങ്ങുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് പരീക്ഷ ഒരുക്ക കൗൺസലിംഗ് ക്രമീകരിച്ചിരിക്കുന്നു. എസ്.എച്ച്. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നീറിക്കോട് പ്രവർത്തിക്കുന്ന metanoia എന്ന കൗൺസലിംഗ് സെന്ററുമായി ചേർന്നാണ് ഫെബ്രുവരി ഒന്നു മുതൽ ഈ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്.

## ഫമിലിയ -2021

കോർപ്പറേറ്റ് ഏജൻസിയുടെ വാർഷികം വളരെ ലളിതമായി 2021 ഫെബ്രുവരി 27-ാം തിയതി നടത്തപ്പെടുന്നു. അന്നേദിവസം പ്രധാനാദ്ധ്യാപകരും സർവ്വീസിൽനിന്ന് വിരമിക്കുന്ന അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരും കലൂർ റിന്യൂവൽ സെന്ററിൽ രാവിലെ 11.00 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ ഒരുമിച്ച് ചേരുന്നു.

## അദ്ധ്യാപക നിയമനം

2020-21 അദ്ധ്യയന വർഷത്തിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ അദ്ധ്യാപക നിയമനം നടത്താൻ സാധിച്ചിട്ടില്ല. അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള നിയമനങ്ങൾ പുതിയതായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് അനുസരിച്ചായിരിക്കും. നിയമനങ്ങളുടെ വിശദാംശങ്ങൾ മാർച്ച് മാസത്തെ എറണാകുളം മിസ്സത്തിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. മിസ്സത്തിൽ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നിശ്ചിത ഫോമിൽ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിച്ചാൽ മതിയാകും. കോവിഡ് കാലമായതിനാൽ, നിലവിൽ ഓഫീസിൽ നേരിട്ട് വന്ന് അന്വേഷിക്കേണ്ടതില്ലെന്ന് സ്നേഹപുരസരം ഓർമ്മിപ്പിക്കുന്നു.

**ഫാ. പോൾ ചിറ്റിനപ്പിള്ളി**
**കോർപ്പറേറ്റ് മാനേജർ**

# Department of Bible Apostolate

## ലോഗോസ് ക്വിസ്

കോവിഡിന്റെ വ്യാപനംമൂലം മാറ്റിവച്ച 2020-ലെ ലോഗോസ് ക്വിസ് **2021 സെപ്തംബർ 26-ാം** തീയതി ഞായറാഴ്ചയായിരിക്കും നടത്തപ്പെടുക. ഈ പരീക്ഷയ്ക്ക് 2020 -ലെ പഠനഭാഗം നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, മർക്കോസ് 1-8, 1 കോറിന്തോസ് 1-8 തന്നെയായിരിക്കും. നിലവിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവർക്കും ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

പേരുകൾ ചേർത്തിട്ടുള്ളവരുടെ രജിസ്ട്രേഷൻ ഫീസ് ഇതുവരെ അതിരൂപതാ കേന്ദ്രത്തിൽ അടച്ചിട്ടില്ലാത്ത ഇടവകകൾ അത് അടയ്ക്കുമല്ലോ. റിന്യുവൽ സെന്ററിലുള്ള അതിരൂപതാ ഓഫീസിൽ നേരിട്ടോ, താഴെ നൽകിയിരിക്കുന്ന അക്കൗണ്ടിലേക്ക് online bank transfer വഴിയോ ഫീസ് അടയ്ക്കാം. മതബോധന ഫൊറോന സെക്രട്ടറിമാർ വഴി ഫീസ് അടയ്ക്കുന്ന പതിവുള്ളിടത്ത് അപ്രകാരം ചെയ്യാവുന്നതാണ്.

Bank : CSB, Kaloor
Name: Bible Apostolate Department
A/C: 011204040722190001
IFSC: CSBK0000112

(Online transfer ചെയ്തതിനുശേഷം അതിന്റെ ഒരു സ്ക്രീൻഷോട്ട്, 9387074656 എന്ന നമ്പറിലേക്ക് അയയ്ക്കുന്നത് സഹായകരമാണ്)

## ഇടവക കോർഡിനേറ്റേഴ്സ്

ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ ഏകോപിപ്പിക്കുന്നതിനും, ഫൊറോന-അതിരൂപതാ പ്രവർത്തനങ്ങളിൽ സഹകാരികളാകുന്നതിനും, ഇടവക തലത്തിൽ സ്വന്തമായി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ഓരോ ഇടവകയിലും ഇടവക കോർഡിനേറ്റേഴ്സിനെ നിയോഗിക്കുന്ന കാര്യം അറിയിച്ചിരുന്നല്ലോ. ചില ഇടവകകളിൽ നിന്ന് കോർഡിനേറ്റേഴ്സിന്റെ പേര് ഇനിയും ലഭിക്കാനുണ്ട്. അതിരൂപതാ കേന്ദ്രത്തിൽ നേരിട്ടോ ഫൊറോന ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാർ മുഖേനയോ ഇവരുടെ പേരും Phone/WhatsApp നമ്പറും എത്രയും വേഗം അറിയിക്കുമല്ലോ. വിശദവിവരങ്ങൾക്ക് ഡിസംബർ 2020-ലെ എറണാകുളം മിസ്സം കാണുക.

**ഫാ. ജോഷി പുതുശ്ശേരി**
**ഡയറക്ടർ**

പുതിയതായി നിർമ്മിച്ച

# ലിറ്റിൽ ഫ്ളവർ ചർച്ച്

കവരപറമ്പ്

കൂദാശകർമ്മം : 2021 ജനുവരി 10





Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.02.2021

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




*Remember, O most pure spouse of the Blessed Virgin Mary, my great protector, Saint Joseph, that no one ever had recourse to your protection, or implored your aid without obtaining relief. Confiding therefore in your goodness, I come before you. Do not turn down my petitions, foster father of the Redeemer, but graciously receive them. Amen.*

Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam, Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and Printed at Viani Printings, Viani Buildings, No. XXXIX/1524, Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Fr. Varghese Perumayan